# ശ്രീകൃഷ്ണഭാരതം.

6932

ഗ്രന്ഥകർത്താ:

**പി. കെ. ഡി. കയ്മൾ.**

**1957.**

1-ാം പതിപ്പ്—കോപ്പി 1500

NATIONAL BOOK STALL
S.P.C.S.
LTD.
BR. KOTTAYAM.

പ്രസാധകന്മാർ:

**വിശ്വഭാരതി പ്രസ്സ് & ബുക്ക് ഡിപ്പോ, തൃശ്ശൂർ.**

Price Six Annas] [വില **0-6-0**

# ശ്രീകൃഷ്ണഭാരതം.

## 1. പ്രാരംഭം

ലോകത്തിൽ അനേകം മഹാത്മാക്കൾ ജനിയ്ക്കുകയും മരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഭാരതഭൂമിയിൽ അവതരിച്ചിട്ടുള്ള എത്രയോ മഹാത്മാക്കളെപ്പററി നാം പഠിച്ചിട്ടുണ്ട്. സർവ്വസംഗപരിത്യാഗിയും ധർമ്മോപദേശകനുമായ ഭഗവാൻ ശ്രീബുദ്ധദേവൻ, പരിവ്രാജകാചാര്യനായ ശ്രീശങ്കരൻ, സത്യവാദിയായ ഹരിശ്ചന്ദ്രൻ, ആത്മത്യാഗിയായ ദധീചി, സ്വാതന്ത്ര്യരാജ്യസ്രഷ്ടാവായ ശിവാജി, ധർമ്മവീരനായ ഗുരുഗോവിന്ദസിംഗ്, അദ്ധ്യാത്മജ്യോതിസ്സായ ശ്രീരാമകൃഷ്ണപരമഹംസൻ, വേദാന്തകേസരിയായ സ്വാമി വിവേകാനന്ദൻ എന്നിങ്ങനെ അനവധി പൂജ്യനാമസ്മരണകളാണ് പെട്ടെന്നു നമ്മിൽ ഉദിക്കുന്നതു്.

ഭാരതത്തിനു വെളിയിലും ഇതേമാതിരിയുള്ള പലേ മഹാത്മാക്കളുമുണ്ടായിട്ടുണ്ടു്. ധർമ്മസംസ്ഥാപകന്മാരായ മുഹമ്മദ്നബി, യേശുക്രിസ്തു എന്നിവരും മഹാപ്രതാപിയും ദിഗ്വിജയിയുമായ ഹനിബാൾ, ഉദാരചരിതനായ വാഷിംഗ്ടൺ, വിശ്വബന്ധുവായ എബ്രഹാം ലിങ്കൺ മുതലായ മഹാരഥന്മാരും ലോകത്തെ വിസ്മയനീയമാംവണ്ണം നയിച്ചവരാണല്ലോ. ഇവരെല്ലാവരുംതന്നെ ഓരോവിധത്തിൽ ലോകനേതാക്കളോ വിശ്വജേതാക്കളോ ആയിരുന്നിരിക്കാമെങ്കിലും ശ്രീകൃഷ്ണൻെറ ചരിത്രവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ അദ്ദേഹത്തിനുണ്ടായിരുന്നതുപോലെ സർവ്വാംഗീണമായ ഒരു ചരിത്രംഇവരി

ലാക്കും തന്നെ ഉണ്ടായിരുന്നില്ലെന്നു കാണാം. എന്നുതന്നെയുമല്ല, ശ്രീകൃഷ്ണനോട് ഉപമിക്കത്തക്കതായി അദ്ദേഹം തന്നെയല്ലാതെ മററാരുമില്ലെന്നു് പറയേണ്ടിയിരിക്കുന്നു. എന്നാൽ ലോകത്തിൽ ശ്രീകൃഷ്ണനോട് തുലനം ചെയ്യത്തക്ക ഏതെങ്കിലും യോഗ്യതയുള്ള ഒരു മഹാത്മാവ് അവതരിച്ചിട്ടുണ്ടെങ്കിൽ അതു് പുരുഷോത്തമനായ ഭഗവാൻ ശ്രീരാമചന്ദ്രനത്രേ. അദ്ദേഹത്തിൻെറ കീത്തി ഇന്നും ഭാരതത്തിൻെറ അഷ്ടദിഗന്തങ്ങളിലും വ്യാപിച്ചിരിക്കുന്നു. ഭവനംതോറും ശ്രീരാമചന്ദ്രനെപ്പററിയുള്ള സ്തുതിഗീതങ്ങൾ കീത്തനം ചെയ്യപ്പെട്ടുന്നുണ്ട്.

എന്നിരുന്നാലും ഭഗവാൻ ശ്രീരാമചന്ദ്രൻതന്നെയും ശ്രീകൃഷ്ണൻെറ തുല്യനായി തീരുന്നില്ല. എന്തെന്നാൽ ശ്രീരാമചന്ദ്രൻ തൻെറ ജീവിതം മൂലം ലോകത്തിനു് സദാചാർമാഗ്ഗം തെളിച്ചു് ധമ്മരാജ്യം സ്ഥാപിച്ചെങ്കിലും ശ്രീകൃഷ്ണനെപ്പോലെ സ്വജിഹ്വാമൂലം ധമ്മോപദേശങ്ങൾ നൽകിയിരുന്നില്ല. ശ്രീകൃഷ്ണനാകട്ടെ ധമ്മരാജ്യത്തിൻെറയും ധമ്മക്ഷേത്രത്തിൻെറയും സംസ്ഥാപനം നിവ്വഹിച്ചു. അദ്ദേഹം രാഷ്ട്രീയമായ വിപ്ലവങ്ങളും സാമൂഹികമായ പരിഷ്ക്കാരങ്ങളും ധാമ്മികമായ പരിവത്തനങ്ങളും നടത്തിയിട്ടുള്ളതായി അദ്ദേഹത്തിൻെറ അത്ഭുതജീവചരിതം നമ്മെ പഠിപ്പിക്കുന്നുണ്ട്.

ഇതിനും പുറമേ ശ്രീരാമചന്ദ്രൻ ക്ഷത്രിയകുലത്തിൽ പിറന്ന രാജപുത്രനായിരുന്നു. ശ്രീകൃഷ്ണനാക്കട്ടെ കാരാഗൃഹത്തിൽ ജനിച്ചും ഗോപാലകരുടെ ഇടയിൽ വളന്നും ജീവിച്ചയാളായിരുന്നല്ലോ. രാഷ്ട്രീയ വിപ്ലവം നടത്തി

അദ്ദേഹം സ്വയം രാജാവാകുകയല്ല ചെയ്തതെന്നും നേരെ മറിച്ച് അധർമ്മത്തിനെതിരായി സമരംചെയ്ത്, സദുപദേശങ്ങൾ സർവ്വത്ര പ്രചരിപ്പിച്ചുകൊണ്ട് സഞ്ചരിക്കയായിരുന്നു. ഒടുവിൽ അദ്ദേഹം ധർമ്മരാജ്യം സ്ഥാപിക്കയും വിശ്വവിശാലമായി ആദരിക്കപ്പെടുന്ന ധർമ്മസംഹിതയായ ഭഗവത്ഗീത ഉപദേശിക്കയും ചെയ്തു.

സനാതനധർമ്മത്തിൻെറ അദ്വിതീയഗ്രന്ഥവും ഹിന്ദുസമുദായത്തിൻെറ ആധാരശിലയുമായ ഭഗവത്ഗീതയ്ക്കു സമാനമായി ലോകത്തിൽ മറെറാരു ഗ്രന്ഥവും ഇല്ലെന്നു് പാശ്ചാത്യപണ്ഡിതന്മാർ തന്നെ സമ്മതിച്ചിട്ടുള്ളതാണ്. മഹാഭാരതകാലത്തിനുശേഷം ഭാരതത്തിൽ ഏതെല്ലാം മഹാത്മാക്കൾ അവതരിച്ച് ഹൈന്ദവധർമ്മോച്ചാരണം നിർവ്വഹിച്ചിട്ടുണ്ടോ അവരെല്ലാവരും തങ്ങളുടെ ധർമ്മോപദേശങ്ങൾ സുസ്ഥിരമാക്കുന്നതിനും സർവ്വമാന്യത നേടുന്നതിനും വേണ്ടി ശ്രീകൃഷ്ണഭഗവാൻെറ ഗീതോപദേശത്തെ ആധാരമായി സ്വീകരിക്കയാണ് ചെയ്തിട്ടുള്ളത്. ഇതുതന്നെയാണ് ശ്രീകൃഷ്ണൻെറ അമാനുഷികതയുടെ അടിസ്ഥാനം.

## 2. അന്നത്തെ ഭാരതവർഷം.

ശ്രീകൃഷ്ണൻ ജന്മമെടുത്തപ്പോഠം ഭാരതഭൂമിയിലെ രാഷ്ട്രീയവും സാമൂഹികവും സർവ്വോപരി സാംസ്കാരികവുമായ സ്ഥിതി എന്തായിരുന്നു എന്നുള്ളതിനെപ്പററി ഒരു ലഘുപരിശോധന നടത്തുന്നതു് രസാവഹമായിരിക്കും. അഫ്ഗാനിസ്ഥാൻ അഥവാ ഗാന്ധാരം (കാണ്ടഹർ) മുതൽ പ്രാക്ജോതിഷം അഥവാ ആസ്സാംവരെയും കാശ്മീരം മുതൽ കന്യാകുമാരിവരെയും ചെറുതും വലുതുമായ അനേകം സ്വതന്ത്രരാജ്യങ്ങഠം ഉണ്ടായിരുന്നു. എല്ലാരാജ്യങ്ങളും ധനധാന്യസമൃദ്ധിയിലും ഐഹികോന്നതിയിലും പരമോന്നതി പ്രാപിച്ചിരുന്നു. രാജ്യമൊട്ടാകെ വലിയ വലിയ നഗരങ്ങളും വ്യാപാരകേന്ദ്രങ്ങളും ഉണ്ടായിരുന്നത്രേ. ഉന്നതങ്ങളായ രാജഹർമ്മ്യങ്ങഠം, സരോവരങ്ങഠം, ഉദ്യാനങ്ങഠം, ക്രീഡാവനങ്ങഠം എന്നിവയെക്കൊണ്ടു് ദേശങ്ങഠം പരിലസിതമായിരുന്നു. എല്ലാരാജാക്കന്മാരും വീരന്മാരും പ്രതാപികളും സ്വതന്ത്രരും ആയിരുന്നു. പക്ഷെ അവക്കെല്ലാം ഉപരിയായി, രാജാധിരാജനായി ഒരാളും ഉണ്ടായിരുന്നില്ല എന്നൊരു വ്യത്യാസമുണ്ടായിരുന്നു. എങ്കിലും മഗധദേശാധിപനായിരുന്ന ജരാസന്ധൻെറ പരാക്രമപാരമ്യം അജയ്യമായിരുന്നു. ഏതെങ്കിലും രാജാവു് ആരെയെങ്കിലും വകവച്ചിരുന്നെങ്കിൽ അതു് ജരാസന്ധനെത്തന്നെയായിരുന്നു. ജരാസന്ധൻ എത്രയോ രാജാക്കന്മാരെയാണു് തൻെറ രാജധാനിയിൽ തടവിൽ പാപ്പിച്ചിരുന്നതു്. ജരാസന്ധൻ തൻെറ ബലപരാക്രമത്തിൽ അത്യധികം അഭിമാനിച്ചിരുന്നെന്നും തൻെറ രാജ്യം പരമാ

വധി വിസ്തൃതമാകുവാൻ കൊതിപൂണ്ടിരിക്കയായിരുന്നെന്നും അവക്കെല്ലാവക്കും അറിയാമായിരുന്നു.

ഉന്നതിയുടെ പാരമ്യത്തിലെത്തിയിരുന്ന രാജ്യങ്ങളിൽ തെളിഞ്ഞുകണ്ട സ്ഥിതിയാണു് മേൽവിവരിച്ചതു്. തങ്ങളുടെ ബുലപരാക്രമത്തിലുള്ള അഭിമാനവും ദുഷ്ടതയും ചേദിരാജ്യാധിപനായ ശിശുപാലൻ തുടങ്ങി അനവധി ദുരഭിമാനികളായ രാജാക്കന്മാർ അക്കാലത്തുണ്ടായിരുന്നു. പ്രാക്ജോതിഷത്തിലെ രാജാവു് എത്രത്തോളം ബലവാനായിരുന്നുവോ അത്രത്തോളം ആഡംബരപ്രിയനും ദുരാചാരിയുമായിരുന്നു എന്നു കാണാം. ഭോഗലാലസനായ ആ രാജാവു് തൻെറ അന്തഃപുരം സൌന്ദൎയ്യധാമങ്ങളായ ആയിരത്തിഒരുനൂറു് കന്യകാജനങ്ങളെക്കൊണ്ടു് നിറച്ചിരുന്നു.

മറെറാരു വിശേഷം കംസൻെറ വാഴ്ചയായിരുന്നു. അവൎണ്ണനീയമായ അനീതികഠം നിറഞ്ഞതായിരുന്നു കംസൻെറ ഡർബാർ. പരമനീതിമാനും സ്വപിതാവുമായ ഉഗ്രസേനനെ തടവിലാക്കുകയും രാജസിംഹാസനം കൈവശപ്പെടുത്തി സ്വന്തവാഴ്ച നടത്തുകയും ചെയ്തയാളാണു് കംസൻ. അയാഠം ജനങ്ങളെ എത്രയധികം ദ്രോഹിച്ചു എന്നു വിവരിക്കാൻ സാധ്യമല്ല. ഭാഗവത കഥാകാരൻ അതു് വിസ്തരിച്ചു കേഠപ്പിക്കുന്നുണ്ടല്ലോ.

പാഞ്ചാലദേശത്തിൽ കുരുപാണ്ഡവന്മാർ തമ്മിലുണ്ടായിരുന്ന ഭയങ്കരമായ അന്തഃഛിദ്രമായിരുന്നു മറെറാരു സംഗതി. ഈ അന്തഃഛിദ്രത്തിൻെറ കൂട്ടത്തിൽ ഭോഗവിലാസങ്ങഠം, ദുരാചാരങ്ങഠം, ക്രൂരതയുടെ ശൌൎയ്യം, നശി

കരണത്തിൻെറ പാരമ്യം അഹങ്കാരത്തിൻെറ മൂൎത്തീകരണം എന്നിങ്ങനെ പലതും വിളയാടുന്നുണ്ടായിരുന്നു. ഇതിൽനിന്നും അന്നത്തെ സ്വതന്ത്രരാജ്യങ്ങൾ ഭൗതികോന്നതിയുടെ പാരമ്യത്തിലെത്തിയിരുന്നെങ്കിലും അവയുടെ രാജാക്കന്മാരുടെ ചരിത്രം ശോചനീയവും ലജ്ജാകരവുമായിരുന്നെന്നു കാണുവാൻ പ്രയാസമില്ല. രാജാക്കന്മാരുടെയും രാജപുത്രന്മാരുടെയും നില ദുഷിച്ചുകഴിഞ്ഞാൽ പിന്നെ പ്രജകളുടെ അവസ്ഥ എങ്ങനെ നന്നാകും? ഇക്കാരണത്താൽ പ്രജകൾക്ക ദുഃഖഭാരവും ഭൂമിയ്ക്കു് പാപഭാരവും അസഹ്യമായിത്തീൎന്നു. ചുരുക്കത്തിൽ ഇതായിരുന്നു അന്നത്തെ രാഷ്ട്രീയസ്ഥിതി.

## സാമൂഹികസ്ഥിതി.

അന്നത്തെ സാമൂഹികനിലവാരം എങ്ങനെയായിരുന്നെന്നു് ഇനിപരിശോധിക്കാം. രാജപുത്രന്മാരുടെസ്ഥിതി അപലപനീയമായിരുന്നു എന്നു് വീണ്ടും എടുത്തുപറയേണ്ടതായിട്ടില്ലല്ലോ. എന്നാൽ സ്ത്രീകളിൽ അപ്പോഴും ധൎമ്മബോധം അവശേഷിച്ചിരുന്നതായികണാം. പാപിയും ദുഷ്ടനും അസൂയാലുവുമായിരുന്നു ദുൎയ്യോധനൻ. എങ്കിലും ദുൎയ്യോധനൻെറ മാതാവും അന്ധനായ ധൃതരാഷ്ട്രരുടെ പത്നിയുമായ ഗാന്ധാരീദേവി പതിവ്രതാധൎമ്മത്തിൻെറ പ്രത്യക്ഷദേവതയായിരുന്നു എന്നു കാണാം. ഭൎത്താവു് അന്ധനായിരുന്നതിനാൽ ആ സാധ്വി തൻെറ കണ്ണുകൾ മൂടികെട്ടിക്കൊണ്ടാണു് ജീവിതം നയിച്ചിരുന്നതു്. "ഭൎത്താവു് അന്ധനായിരിക്കെ എനിയ്ക്കു് ഈ കണ്ണുകൾ എന്തുചെയ്യാനാണു്?" എന്നായിരുന്നു ആ സതീരത്നത്തിൻെറ

മനോഗതി പോയതു്. നോക്കുക, ഭാരതഭൂമിയിലല്ലാ തെമററെവിടെയാണു് ഇമ്മാതിരി ഉദാഹരണങ്ങൾക്ക തിരയേണ്ടതു്?

ഇനി ദ്രൌപദിയുടെ കാൎയ്യം എടുക്കാം. അഞ്ചുഭൎത്താക്കന്മാരുടെ ഏകപത്നിയായിരുന്നല്ലോ ദ്രൌപദി. ഇതിൽനിന്നും ഊഹിക്കേണ്ടിയിരിക്കുന്നതു് അക്കാലത്തു ബഹുഭാൎയ്യാത്വം സാധാരണ നടപ്പുള്ള സമ്പ്രദായമായിരുന്നു എന്നാണല്ലോ. ഇക്കാലത്തും ഹിമാലയ പ്രാന്തങ്ങളിൽ അധിവസിക്കുന്ന ചില വൎഗ്ഗക്കാരുടെ ഇടയിൽ ഇതേസമ്പ്രദായം നടന്നുവരുന്നതായി കാണാം. അഞ്ചു ഭൎത്താക്കന്മാരുണ്ടായിരുന്ന ദ്രൌപതിയാകട്ടെ പതിവ്രതയായിരുന്നു എന്നു പറയുന്നതിൽ സന്ദേഹത്തിനു കാര്യമില്ല. കൌരവസഭയിൽ വെച്ചുണ്ടായ വസ്ത്രാക്ഷേപസന്ദൎഭത്തിൽ അവളുടെ മാനഭംഗത്തെ തടഞ്ഞു് ലജ്ജയെ സംരക്ഷിക്കുന്നതിന് ഭഗവാൻെറ കാരുണ്യമുണ്ടായതുതന്നെ ദ്രൌപദിയുടെ പാതിവ്രത്യ ശക്തിയ്ക്കു തെളിവല്ലേ? സ്ത്രീകളുടെ സതീധൎമ്മനിഷ്ഠതന്നെയായിരുന്നു വാസ്തവത്തിൽ അക്കാലത്തെ ഹിന്ദുസമുദായത്തിനു് രക്ഷാവലയമായിരുന്നതെന്നു് സമ്മതിച്ചേതീരൂ. ഭൎത്താവിൻെറ ചിതയിൽ ചാടി സതീധൎമ്മം അനുഷ്ഠിക്കുക എന്നരീതി അന്നേനടപ്പിലിരുന്നതാണു്. നകുലസഹദേവന്മാരുടെ മാതാവായ മാദ്രി സ്വഭൎത്താവായ പാണ്ഡുവിൻെറ ചിതയിൽ ചാടി അദ്ദേഹത്തെ അനുഗമിച്ച കഥ സുവിദിതമാണല്ലോ. എന്നാൽ എല്ലാ സ്ത്രീകളും ഇങ്ങനെ ചിതയിൽ ചാടി മരിച്ചിരുന്നില്ല. ഭൎത്തൃവിരഹത്തിനുശേഷവും ലോകത്തിൽ ജീവിച്ചിരുന്നു് സ്വധൎമ്മംനിൎവ്വഹിക്കയും കൎത്തവ്യകൎമ്മങ്ങൾ അനുഷ്ഠിക്കയും ചെയ്ത

വരും ധാരാളമുണ്ട്. അക്കാലത്തെ സ്ത്രീകൾക്കു ശാസ്ത്ര വിജ്ഞാനമുണ്ടായിരുന്നു. ശാസ്ത്രങ്ങളെപ്പററി അവർ ചർച്ചകളും നടത്തിയിരുന്നു. എന്നിരുന്നാലും സ്ത്രീകൾ മോക്ഷത്തിന്നധികാരികളല്ല എന്നുള്ളതായിരുന്നു അന്നത്തെ ദൃഢമായ വിശ്വാസം. ക്ഷത്രിയസ്ത്രീകളെ സംബന്ധിച്ചുള്ള ഈ വിവരണംകൊണ്ട് സാധാരണ സ്ത്രീകളുടെ അവസ്ഥയെന്തായിരുന്നു എന്നു ഊഹിക്കാവുന്നതാണ്.

## ധാർമ്മികനില

അക്കാലത്തെ പരിതസ്ഥിതിയിൽ വിശേഷരൂപമായി കണ്ടിരുന്ന മറെറാരു സംഗതി ബ്രഹ്മബലത്തേക്കാൾ ക്ഷാത്രബലത്തിന് കൂടുതൽ പ്രാബല്യം ലഭിച്ചിരുന്നുവെന്നുള്ളതാണ്. അന്നു നഗരങ്ങളിൽനിന്ന് വിദൂരങ്ങളിലായി തപസ്വികളുടേയും ഋഷികളുടേയും ആശ്രമങ്ങളും ഗുരുകുലങ്ങളും വിദ്യാപീഠങ്ങളും ഉണ്ടായിരുന്നു. അവിടെ ബ്രാഹ്മണരും ക്ഷത്രിയരും ഒന്നിച്ചിരുന്ന് വേദശാസ്ത്രാദി അദ്ധ്യയനം നിർവ്വഹിച്ചിരുന്നു. രാജാക്കന്മാരുടെകൂടെ ഗുരുക്കന്മാർ താമസിച്ച് അദ്ധ്യയനം ചെയ്യിക്കയും പതിവായിരുന്നു. സർവ്വതന്ത്രസ്വതന്ത്രനായ സാന്ദീപനിമഹർഷിയുടെ ആശ്രമത്തിൽ ശ്രീകൃഷ്ണനും കുചേലനും സഹപാഠികളായി അദ്ധ്യയനം നടത്തിക്കൊണ്ടിരുന്നതായി ഒരിടത്തു കാണുമ്പോൾ മറെറാരിടത്തു ഹസ്തിനപുരം രാജധാനിയിൽ രാജാവിൻെറ ആശ്രിതനായി താമസിച്ചുകൊണ്ട് ദ്രോണാചാർയ്യർ രാജപുത്രന്മാരെ വിദ്യ അഭ്യസിപ്പിക്കയും സേവാവൃത്തികൾ നിർവ്വഹിക്കയും ചെയ്തിരുന്നതായി കാണാം. ഈ കാരണംകൊണ്ടാണ് കൌരവപാണ്ഡവ

യുദ്ധത്തിൽ അദ്ദേഹത്തിന്ന് കൌരവപക്ഷത്തിൽ കൂടേണ്ടിവന്നത്. ബ്രാഹ്മണർ ഇപ്രകാരം തങ്ങളുടെ സ്ഥാനത്തുനിന്നും വ്യതിചലിച്ചു ജീവിക്കയും അനേകം പേർ ബ്രഹ്മകൎമ്മത്തെ ഉപേക്ഷിച്ചിട്ട് ക്ഷാത്രവൃത്തി സ്വീകരിക്കയും ചെയ്തിരുന്നു. ഇങ്ങനെ യാദവാദികളായ അനേകം ക്ഷത്രിയന്മാർ ക്ഷാത്രവൃത്തി ഉപേക്ഷിച്ചിട്ട് വൈശ്യകൎമ്മം അംഗീകരിക്കയും ചെയ്തിരുന്നു. ഈ പറഞ്ഞതിൽ നിന്നും അന്ന് ചാതുൎവ്വൎണ്ണ്യവ്യവസ്ഥയ്ക്ക് ഭംഗം വന്നു കഴിഞ്ഞിരുന്നു എന്ന് മനസ്സിലാക്കാം. എങ്കിലും ധൎമ്മജ്ഞന്മാരായ ഋഷികളുടേയും ബ്രാഹ്മണരുടേയും അഭാവം അന്നുണ്ടായിരുന്നു എന്നതിന്ന് അൎത്ഥമില്ല. സാന്ദീപനിമഹൎഷിയുടെ നാമധേയം സൎവ്വോപരി കീൎത്തിക്കപ്പെട്ടിരുന്നതായി കാണുന്നുണ്ടല്ലോ. ഭാരതകാരനായ ശ്രീകൃഷ്ണദ്വൈപായനനെപ്പോലെയുള്ള പരമതപസ്വികളും ബ്രഹ്മജ്ഞാനികളായ മഹത്തുക്കളും അക്കാലത്തു കുറവല്ലായിരുന്നു. പക്ഷെ ഇവർ രാജ്യകാൎയ്യങ്ങളിൽ കൈകടത്തിയിരുന്നില്ല. ഈ മഹത്തുക്കൾ സദാപി നിവൃത്തിപരായണന്മാരായി കഴിഞ്ഞുകൂടിയിരുന്നു. ഇങ്ങനെ ഒരുവശത്ത് നിവൃത്തിപരായണതയും മറ്റൊരുവശത്ത് പ്രവൃത്തിപരായണതയും വളൎന്നു വന്നിരുന്നു. നിവൃത്തിമാൎഗ്ഗക്കാർ സംസാരത്തെ മായയായി കരുതി വനവാസവും സന്ന്യാസവും പരമപുരുഷാൎത്ഥമായി സ്വീകരിച്ചിരുന്നു. പ്രവൃത്തിമാൎഗ്ഗക്കാരാകട്ടെ ലൌകികസുഖഭോഗങ്ങൾക്ക് ഉപരിയായി ഒന്നും കണ്ടിരുന്നില്ല. രാജാക്കന്മാരാകട്ടെ തങ്ങൾക്ക് ഋഷികളുടേയോ മുനികളുടേയോ വേദവിത്തുക്കളായ ബ്രാഹ്മണരുടേയോ ഉപദേശത്തിൻെറ ആവശ്യമുണ്ടെന്നു വിചാരിച്ചിരുന്നില്ല.

ബ്രാഹ്മണരോ രാജ്യകാര്യങ്ങളിൽ തലയിടുന്നതു മോക്ഷധർമ്മത്തിനു് പ്രതികൂലമാണെന്നു് ധരിക്കയും ചെയ്തിരുന്നു. ഇങ്ങനെ രാജധർമ്മത്തിൻെറയും മോക്ഷധർമ്മത്തിൻേറയും പരസ്പരസംബന്ധംതന്നെ ഉടഞ്ഞുകഴിഞ്ഞിരുന്നു. ഇന്നു കേവലം സാംസ്കാരിക സുഖസാധനങ്ങളുടെ വർദ്ധനവിനെ അടിസ്ഥാനമാക്കിയുള്ള ഏതൊരു പരിഷ്കാരത്തെയാണോ പാശ്ചാത്യപരിഷ്കാരമെന്നു പറയുന്നതു് അതേവിധമുള്ള പരിഷ്കാരത്തിൻെറ ലക്ഷ്യഹീനമായ മാർഗ്ഗത്തിൽ അന്നത്തെ രാജാക്കന്മാരുംസഞ്ചരിച്ചിരുന്നു. തങ്ങളുടെ പ്രാചീനസംസ്കാരം നിലനിർത്തിപ്പോന്ന ചുരുക്കംചിലരും ഇല്ലെന്നില്ല. പക്ഷെ രാജ്യതന്ത്രത്തിൻെറ ചരടു് അവരുടെ കൈവശമല്ലാതെപോയി.

ചാതുർവ്വർണ്യവ്യവസ്ഥയും അക്കാലത്തു് ദുഷിച്ചുകഴിഞ്ഞിരുന്നു. സ്ത്രീകൾക്കും വൈശ്യശൂദ്രാദികൾക്കും മോക്ഷത്തിന്നധികാരമുണ്ടെന്നു് ഗണിക്കപ്പെട്ടിരുന്നില്ല. എന്തെന്നാൽ അവർ സദാപി ലൌകികവും ഭൌതികവുമായ സുഖചിന്തകളിൽ ഏർപ്പെട്ടിരുന്നു. ത്യാഗികളുടെ ഒരു പ്രത്യേക സമുദായം തന്നെ വേർതിരിയത്തക്കവണ്ണം ധർമ്മപരായണന്മാരുടെ ഔന്നത്യം അത്ര കൂടുതലായിരുന്നു. അവർ രാജ്യകാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നുമില്ല. ഇങ്ങനെ ഒരു വശത്തു് ധർമ്മത്തിൻെറ പ്രാബല്യമായിരുന്നെങ്കിൽ മറുവശത്തു് അധർമ്മത്തിൻെറ പാരമ്യവും ഉണ്ടായിരുന്നു. എന്നാൽ ആ അധർമ്മത്തെ നിഗ്രഹിച്ചിട്ടു് ധർമ്മത്തിനു് സിംഹാസനം നൽകി വാഴിക്കുവാൻ ഒരുത്തരുമില്ലായിരുന്നു. ഈ ഉദ്ദേശ്യനിവൃത്തിയ്ക്കായിട്ടാണു് ശ്രീകൃഷ്ണഭഗവാൻ അവതാരമെടുത്തതെന്നു് സ്പഷ്ടമാണല്ലോ.

## 3. വിപ്ലവവും പരിവർത്തനവും

ശ്രീകൃഷ്ണൻെറ ജന്മസമയത്ത് ലോകത്തിൻെറ വില ക്ഷണഭാവം സർവ്വസാധാരണമായിരുന്നു. ജനങ്ങൾ അധർമ്മത്തോട് പ്രതികാരം ചെയ്യാൻ ഒരുക്കമായി. ഈ ധർമ്മസമരത്തിൽ ആത്മബലിവരെയും നടക്കേണ്ടിവന്നു.

വസുദേവരുടെ ആദ്യശിശുക്കളെയെല്ലാം രാജാവായ കംസൻ കൊന്നുകളഞ്ഞല്ലോ. ഇതിൽ പ്രജകളുടെ ഹൃദയം സന്തപ്തവും പ്രക്ഷുബ്ധവുമായി. ഏതെങ്കിലും തരത്തിൽ ഈ അധർമ്മികളുടെ രാജ്യഭരണം നശിച്ചാൽ മതിയെന്നായിരുന്നു അവരുടെ ആഗ്രഹം.

ഭാദ്രമാസത്തിൽ കൃഷ്ണാഷ്ടമിയും രോഹിണീനക്ഷത്രവുംകൂടിയ രാത്രിയിൽ, ആകാശത്തുനിന്നും മിന്നൽപിണരും മേഘനാദവും ഘോരമാരിയും കൂടി പ്രചണ്ഡതാണ്ഡവം നടത്തിക്കൊണ്ടിരിക്കുമ്പോൾ, ശ്രീകൃഷ്ണൻ ഭൂമിയിൽ അവതരിച്ചു. അന്നു രാത്രിയിൽതന്നെ പിതാവായ വസുദേവൻ ശിശുവിനെ ഗോകുലത്തിൽ എത്തിച്ചു. ഗോകുലത്തിലെ പശുക്കളുടേയും ഗോപന്മാരുടേയും ഇടയിൽ ഭഗവാന് ലാളനപാലനാദികൾ ലഭിച്ചു. ഈ ഗോപന്മാർ ആരായിരുന്നു? യാദവകുലത്തിലെ അനേകം ക്ഷത്രിയന്മാർ ക്ഷാത്രവൃത്തി ഉപേക്ഷിച്ചിട്ട് വൈശ്യവൃത്തി സ്വീകരിച്ചിരുന്നു. അവരല്ലാതെ മററാരുമായിരുന്നില്ല ഈ ഗോപന്മാർ. ഇത്തരത്തിൽ അവർ ക്ഷത്രിയരും വൈശ്യരുമായിരുന്നു എന്നു വേണം പറയുവാൻ. ഇവരിൽ അനേകം പേർ ശൂദ്രരായിരുന്നെങ്കിൽ തന്നെയും

ആശ്ചര്യപ്പെടാനില്ല. ഗോപന്മാരായ ഇവർ നഗരനിവാസികളായിരുന്നില്ല. നഗരങ്ങളിൽ നിന്നും വിദൂരസ്ഥാനങ്ങളിൽ അവർ ഗോക്കളേയുംകൊണ്ടു് വനചരന്മാരെന്നവണ്ണം സഞ്ചരിച്ചിരുന്നു. അവരുടെ സ്വഭാവം സരളവും ഹൃദയം ഭക്തിനിർഭരവുമായിരുന്നു. പക്ഷേ ഇവരിൽ ആര്യസംസ്കാരം കുറവായിരുന്നു എന്നു വേണം പറയുവാൻ. അവർ വർണ്ണാശ്രമധർമ്മം പാലിച്ചിരുന്നതായി കാണുന്നില്ല. ഇങ്ങനെയുള്ള ജനങ്ങളുടെ ഇടയിലാണു് ശ്രീകൃഷ്ണൻ വളൎന്നു വന്നതു്. ഗോപന്മാരുടെ നിഷ്കപടമായ പ്രേമം, വനത്തിലെ സ്വാതന്ത്ര്യ സമീരൻ, സരളജീവിതത്തിൻെറ നിർമ്മലമായ അന്തരീക്ഷം, എന്നീ പരിതസ്ഥിതികൾ കോമളഗാത്രനായ ബാലമുകുന്ദനെ നിഷ്കളങ്കനും അതുലപ്രേമിയും വീര്യപരാക്രമിയുമാക്കിത്തീൎത്തു. അദ്ദേഹം ഗോപന്മാരുടെ പ്രാണനായി, വീരപുരുഷനായി, വളർന്നു. ഗോപന്മാർ കൃഷ്ണനുവേണ്ടി പ്രാണത്യാഗം ചെയ്യാൻ തന്നെയും സദാപി സന്നദ്ധരായിരുന്നു എന്നു പറയുന്നതു് അതിശയോക്തിയല്ലല്ലോ. അവരുടെയിടയിൽ നടപ്പുണ്ടായിരുന്ന മല്ലയുദ്ധവിദ്യയിലും ബാലകൃഷ്ണൻ പ്രാവീണ്യം നേടിയിരുന്നു. ഇങ്ങനെ ദിനംദിനം ശ്രീകൃഷ്ണൻെറ നേതൃത്വത്തിൽ ഗോപന്മാരുടെ ശക്തിവൎദ്ധിച്ചുവന്നു. ഇതിൽ പരിഭ്രാന്തചിത്തനായിത്തീൎന്നതു് കംസനാണു്. തൻെറ കാലരൂപനായി കൃഷ്ണനെ അദ്ദേഹം കണ്ടുതുടങ്ങി. ജലത്തിലും ഭൂമിയിലും ആകാശത്തിലും കൃഷ്ണൻെറ രൂപം കംസനെ നടുക്കിക്കൊണ്ടിരുന്നു. ഈ കാലരൂപനെ എങ്ങിനേയും കൊന്നൊടുക്കണമെന്നു കരുതിക്കൂട്ടി കംസൻ പലകെണികളും ഒരുക്കിയെങ്കിലും അതൊക്കെയും

സ്വന്തനാശത്തിനുവച്ച കെണികളായിട്ടാണ് അനുഭവ പ്പെട്ടതു്. ഒടുവിൽ അതിൽപെട്ടുതന്നെ കംസൻ വധി ക്കപ്പെടുകയും ചെയ്തല്ലോ.

കംസനെ വധിച്ചിട്ടു് ആ സ്ഥാനത്തു് സ്വയം രാജാ വായി വാഴുവാനല്ല തുനിഞ്ഞതു്. കംസൻെറ സിംഹാസ നത്തിൽ യോഗ്യനായ ഉഗ്രസേനനെ രാജാവായി ആരോ ഹണം ചെയ്യിച്ചിട്ടു് ഒരു സാധാരണ പ്രജയെപ്പോലെ ശ്രീകൃഷ്ണൻ സ്വന്തമാതാപിതാക്കളുടെകൂടെ മഥുരാപുരി യിൽ താമസിച്ചതേയുള്ളു.

മഥുരയിലെ ഈ രാഷ്ട്രീയ വിപ്ലവംനിമിത്തം ശ്രീകൃ ഷ്ണൻെറ നാമധേയം സർവ്വത്ര പ്രചരിക്കുകയും രാജ്യഭരണം നടത്തിക്കൊണ്ടിരുന്ന രാജാക്കന്മാരെല്ലാം അദ്ദേഹത്തെ ശത്രുവായി ഗണിക്കുകയും ചെയ്തു. അക്കൂട്ടത്തിലൊരാളാ യിരുന്നു മഗധരാജാവായ ജരാസന്ധൻ. അയാൾക്ക കൃഷ്ണൻെറ ജീവിതം പരിഭ്രാന്തിയുണ്ടാക്കിത്തീർത്തു. എന്തെ ന്നാൽ തൻെറ അധർമ്മപൂർണ്ണമായ സാർവ്വഭൗമസത്ത യുടെ ശത്രു എന്നുമാത്രമല്ല സ്വജാമാതാവായ കംസൻെറ അന്തകൻ എന്നുള്ള നിലയിൽ തന്നെയും ശ്രീകൃഷ്ണനെ അയാൾ രാപ്പകൽ ഭയപ്പെട്ടിരുന്നു. തന്മൂലം ജരാസന്ധൻ മഥുരയെ ആക്രമിക്കണമെന്നു തീർച്ചയാക്കി. ജരാസ ന്ധൻെറ ആക്രമണംമൂലം മഥുരാനിവാസികൾക്കുണ്ടായേ ക്കാവുന്ന കഷ്ടനഷ്ടങ്ങളെ ഒഴിക്കാനായി ശ്രീകൃഷ്ണൻ മഥുര യിൽനിന്നും വിട്ടുപോകയാണു ചെയ്തതു്. ജരാസന്ധൻ ഉദ്ദേശിച്ച കാര്യം ഫലിക്കാതെ തൻെറ സേനകളെ മഥുര യിൽനിന്നും പിൻവാങ്ങിയശേഷം ശ്രീകൃഷ്ണനെ പിന്തു

ടന്നു. അവസാനം ഗോവർദ്ധനപർവ്വതത്തിൽവച്ച് ജരാസന്ധനും ശ്രീകൃഷ്ണനും തമ്മിൽ ഏറ്റുമുട്ടി. അവിടെവെച്ച് ജരാസന്ധൻെറ അപാരമായ സേനാവ്യൂഹങ്ങളെ എത്ര വീരതയോടും രണകൌശലത്തോടും കൂടി സംഹരിച്ചു എന്നുള്ളത് ഇതിഹാസത്തിൽ അനുപമമാംവണ്ണം വർണ്ണിച്ചിട്ടുണ്ട്. ഈ യുദ്ധത്തിനുശേഷം കരവീരരുമായി നടന്ന യുദ്ധത്തിൽ കരവീരരാജാവായ ശൃഗാലനും വധിക്കപ്പെടുകയുണ്ടായി. ഈ രാജ്യവും ശ്രീകൃഷ്ണൻ കൈവശപ്പെടുത്തുകയല്ല ചെയ്തത്. പ്രസ്തുത ശൃഗാലൻെറ പുത്രനെ സിംഹാസനത്തിൽ ആരോഹണം ചെയ്യിച്ചിട്ട് അദ്ദേഹം സമുദ്രവേഷ്ടിതമായ ഒരുദ്വീപിൽ തൻെറ ആസ്ഥാനവും രാജധാനിയും നിർമ്മിച്ച് അവിടെ അധിവസിക്കയാണു ചെയ്തത്. ഈ സ്ഥലമാണ് സുപ്രസിദ്ധമായ ദ്വാരക. എന്നാൽ ശ്രീകൃഷ്ണൻ ദ്വാരകയുടേയും രാജാവായിരുന്നില്ല. ഈ അത്ഭുതപരാക്രമങ്ങളെല്ലാം കഴിഞ്ഞ് അദ്ദേഹം മഥുരയിലേക്കു മടങ്ങിവന്നപ്പോൾ മഥുരാനിവാസികളെല്ലാവരും പ്രതീക്ഷിച്ചിരുന്നത് ശ്രീകൃഷ്ണൻ രാജോചിതമായ ആഡംബരസമേതമായിരിക്കും വരുന്നതെന്നായിരുന്നു. പക്ഷെ വെറുമൊരു ഗോപവേഷത്തിൽവന്ന ശ്രീകൃഷ്ണനെ കണ്ടപ്പോൾ അവരെല്ലാം ആശ്ചര്യപ്പെട്ടു. ആ വേഷത്തിലും അവർക്ക് രാജാധിരാജപദവിയുടെ പൂർണ്ണതേജസ്സും ഓജസ്സും ദിവ്യത്വവും കാണുവാൻ കഴിഞ്ഞു. ഒടുവിൽ ജരാസന്ധൻെറ വധവുംനടന്നു. അപ്പോഴും ജരാസന്ധൻെറ സ്ഥാനത്ത് പുത്രനായ സഹദേവനെത്തന്നെ വാഴിക്കയാണ് ചെയ്തത്. ആടുത്തതായി ചെയ്തത് പൌണ്ഡ്രകനായ വാസുദേവനെ നിഗ്രഹിച്ച് അയാളുടെ പുത്രനെ രാജ്യഭാരം ഏല്പിക്കുകയായിരുന്നു.

32591

ഇപ്രകാരം ശ്രീകൃഷ്ണൻ തൻെറ പരാക്രമം മൂലം സർവ്വത്ര പ്രാബല്യം സ്ഥാപിച്ചു. പക്ഷെ ഒരുത്തരുടേയും രാജ്യം കൈവശപ്പെടുത്തുകയോ സ്വയം അധികാരം നടത്തുകയോ ചെയ്തിരുന്നില്ല. കംസനെ വധിച്ചതോടെ മഥുരയിൽ നീതിയും സമാധാനവും കൈവരുത്തി. ജരാസന്ധനെ വധിച്ചശേഷം അയാളുടെ തടവിൽ പാർപ്പിക്കപ്പെട്ടിരുന്ന അനവധി രാജാക്കന്മാരെ വിമോചിപ്പിച്ചു. പ്രാക്ജോതിഷ (ആസ്സാം) ത്തിലെ രാജാവായ നരകാസുരനെ നിഹനിച്ചു അയാളുടെ അന്തഃപുരത്തിൽ തടവുകാരെപ്പോലെ പാർപ്പിച്ചിരുന്ന പതിനെണ്ണായിരത്തി ഒരുനൂറുകന്യകകൾക്കും സ്വാതന്ത്ര്യം നൽകി. ആ കന്യകകൾ ഭഗവൽകാരുണ്യത്തിനാൽ യഥാർത്ഥഭക്തകളായിത്തീരുകയും ദ്വാരകാപുരിയിൽചെന്നു് സമാധാനത്തോടുകൂടി ജീവിക്കുകയും ചെയ്തു. ഇപ്രകാരം പ്രജകളുടേയും ഭരണകർത്താക്കളുടേയും നന്മയും നീതിധർമ്മങ്ങളും സുരക്ഷിതമാക്കുക മാത്രമായിരുന്നു ശ്രീകൃഷ്ണൻെറ രാഷ്ട്രീയകർമ്മോദ്ദേശ്യം.

## രാജസൂയയാഗം

അനന്തരം ഗോവർദ്ധനംമുതൽ ആസ്സാംവരെയുള്ള ദേശങ്ങളിൽ ശ്രീകൃഷ്ണൻ ഒരു പ്രാവശ്യം സഞ്ചരിക്കയും യുധിഷ്ഠിരനെ ഭാരതത്തിൻെറ സാർവ്വഭൗമസമ്രാട്ടാക്കാനുള്ള ഏർപ്പാടുകളെല്ലാം നിർവ്വഹിക്കയും ചെയ്തു. യുധിഷ്ഠിരൻെറ രാജസൂയമഹായാഗത്തിൻെറ ഉദ്ദേശം ഇതുതന്നെയായിരുന്നു.

ഇങ്ങിനെയൊരു രാജസൂയയജ്ഞം നടത്തി ഒരാളിനെ ചക്രവർത്തിയായി ആരോഹണം ചെയ്യിക്കാനും

ആ ഉന്നതപദവി യുധിഷ്ഠിരനുതന്നെ കൊടുക്കാനും കാരണമെന്തായിരുന്നു എന്നു ചോദിച്ചേക്കാം. ഭാരതമൊട്ടുക്കു വ്യാപിച്ചിട്ടുള്ള ഭിന്ന ഭിന്ന രാജ്യങ്ങളെ ഒരേ ചരടിൽ ബന്ധിച്ചിട്ട് ഐക്യം സമ്പ്രാപിക്കുന്നതിനുള്ള ഉദ്യമം സകലലോകരും ഒരു മഹൽകർമ്മമായി കരുതിയിരുന്നതാണ്. ഇതിൻെറ പ്രയോജനം ആധുനിക രാജ്യതന്ത്രജിജ്ഞാസുക്കൾക്കും മനസ്സിലാക്കാവുന്നതാണ്. ജർമ്മനിയിലെ ബിസ്മാർക്ക് രാജാവ് ചെറിയ ചെറിയ രാജ്യങ്ങളെ ഒന്നിച്ചുചേർത്ത് ഒരു മഹത്തായ ജർമ്മൻസാമ്രാജ്യം സ്ഥാപിച്ചതു് ആധുനികകാലത്തെ ഒരു സംഭവമാണല്ലോ.

ശ്രീകൃഷ്ണൻെറ ഉദ്ദേശ്യവും ഇതുതന്നെയായിരുന്നെന്ന് വ്യക്തമല്ലേ! എന്നാൽ ഇതുരണ്ടും തമ്മിലുള്ള അന്തരം അവയുടെ പിന്നിലുണ്ടായിരുന്ന ലക്ഷ്യവ്യത്യാസമത്രേ. ശ്രീകൃഷ്ണന് രാജ്യത്തിൽ പൊതുവേ ധർമ്മസംസ്ഥാപനം ചെയ്യണമെന്നുള്ള ഏകോദ്ദേശ്യം മാത്രമായിരുന്നു ഉണ്ടായിരുന്നതെന്ന് മനസ്സിലാക്കേണ്ടതാണ്. ഇക്കാരണത്താൽതന്നെയാണ് രാജസൂയയാഗത്തിൽ ചേദിരാജാവായ ശിശുപാലനെപ്പോലുള്ള മഹാപ്രതാപികൾ ഒരു പുണ്യകർമ്മമെന്ന നിലയിൽ യാഗത്തിൽ പങ്കുകൊണ്ടതു്. എന്നാൽ യുധിഷ്ഠിരനെത്തന്നെ സമ്രാട്ടാക്കി അഭിഷേകം ചെയ്തതു് എന്തുകാരണത്താലാണ്? അദ്ദേഹത്തെക്കാൾ കൂടുതൽ പ്രതിഭാശാലികളും പ്രബലന്മാരുമായ മററുപല രാജാക്കന്മാരും ഇല്ലായിരുന്നോ? എന്നിരുന്നാലും യുധിഷ്ഠിരനെപ്പോലെ ധാർമ്മികനും ദയാമൂർത്തിയും ന്യായദീക്ഷകനും സത്യവാദിയും സദാചാരനിരതനും സൽകർമ്മിയു

മായി രണ്ടാമതൊരാൾ ഉണ്ടായിരുന്നില്ല. സാക്ഷാൽ ധൎമ്മരാജാവുതന്നെയായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെയാണു് ധൎമ്മരക്ഷയ്ക്കുവേണ്ടി നടത്തിയ രാജസൂയമഹായാഗത്തിൽ ധൎമ്മരാജാവിൻെറ രാജാഭിഷേകം നടക്കുവാനിടയായതു്. ഇപ്രകാരം ധൎമ്മരക്ഷണാൎത്ഥം സാമ്രാജ്യസ്ഥാപനത്തിനുള്ള മഹോദ്യമം സഫലമായി. പക്ഷെ ധൎമ്മരാജ്യത്തിൽ പിന്നെയും അനേകം വിഘ്നങ്ങൾ അവശേഷിച്ചിരുന്നു. കംസൻെറയും ജരാസന്ധൻെറയും മററും നിഗ്രഹം കഴിഞ്ഞതോടെ ശ്രീകൃഷ്ണൻെറയും പാണ്ഡവന്മാരുടേയും പ്രതാപം വൎദ്ധിച്ചുവന്നു. യുധിഷ്ഠിരൻെറ സമ്രാട്ടഭിഷേകം നടക്കുകയുംചെയ്തു. എന്നിരുന്നാലും ആന്തരികമായി രാജാക്കന്മാരുടെ ഷഡ്യന്ത്രം ചലിച്ചുകൊണ്ടിരുന്നു. ശ്രീകൃഷ്ണൻ രാജസൂയം കഴിഞ്ഞു് ദ്വാരകയിൽ മടങ്ങിയെത്തിയസമയത്തു് കാണുവാനിടയായതു് ശത്രുക്കൾ ദ്വാരകയെ ആക്രമിച്ചു നശിപ്പിച്ചിരിക്കുന്ന കാഴ്ചയാണു്. അവിടെവെച്ചു് വീണ്ടും ശത്രുക്കളുമായി പോരാടേണ്ടിവന്നു. ആ സന്ദൎഭത്തിലാണു് പാണ്ഡവന്മാർ കൌരവരുടെ വലയിൽ അകപ്പെട്ടതു്. പാണ്ഡവന്മാർ ചൂതിൽ പരാജയപ്പെട്ടു് പന്ത്രണ്ടുവൎഷത്തെ വനവാസത്തിനും ഒരുവൎഷത്തെ അജ്ഞാതവാസത്തിനും ആയി നാടുവിട്ടു. ശ്രീകൃഷ്ണനു് സ്വൈരമേ ഇല്ലാതായി. എന്നു്, കംസനെ വധിച്ചുവോ അന്നുമുതൽക്കു് അദ്ദേഹത്തിനു് ഒരുനിമിഷത്തെ വിശ്രമം പോലും കിട്ടാതായി. ദിവസേന പുതിയ പുതിയ ശത്രുക്കളുമായി പോരാടേണ്ടി വരികയുംചെയ്തു. പക്ഷേ ഇതെല്ലാം ശ്രീകൃഷ്ണൻെറ ഉദ്ദേശ്യങ്ങൾ സുഗമമാക്കുകയാണുചെയ്തതു്.

### കുരുപാണ്ഡവയുദ്ധം

പാണ്ഡവർ നാടുവിട്ടുകഴിഞ്ഞതോടെ ദുര്യോധനൻ യുധിഷ്ഠിരൻെറ സിംഹാസനത്തിൽ ആരോഹണംചെയ്തു. വനവാസവും അജ്ഞാതവാസവും സമാപിച്ചപ്പോൾ പാണ്ഡവർ രാജ്യം തിരിച്ചാവശ്യപ്പെടുവാൻ തുടങ്ങി. കുറഞ്ഞപക്ഷം അഞ്ചുഗ്രാമങ്ങളെങ്കിലും കിട്ടിയാൽ മതിയെന്ന് അവർ ആവശ്യപ്പെട്ടു. പക്ഷേ ഒരു വിട്ടുവീഴ്ചയും ചെയ്യുവാൻ കൌരവർ കൂട്ടാക്കിയില്ല. ഒടുവിൽ ഇവരുടെ തക്കത്തിന് ശ്രീകൃഷ്ണൻ മാദ്ധ്യസ്ഥ്യം വഹിച്ചു. എന്നിട്ടും കൌരവർ അതേശാഠ്യത്തിൽ ഉറച്ചുനിന്നു. പിന്നെ യുദ്ധം ചെയ്യാതെ ഗത്യന്തരമില്ലെന്നായി. അങ്ങനെ കുരുപാണ്ഡവയുദ്ധം നടക്കാനിടയായി. ആ യുദ്ധത്തിൽ പതിനെട്ട് അക്ഷൌഹിണിപ്പടകൾ സംഹരിക്കപ്പെട്ടു. കേവലം പത്തുപേർ മാത്രമാണ് രക്ഷപ്രാപിച്ചത്.

### യുദ്ധാനന്തരഫലങ്ങൾ

ഭാരതയുദ്ധത്തിൽ സംഭവിച്ച ഭയങ്കരമായ ക്ഷത്രിയസംഹാരം ആധുനികഭാരതത്തിൻെറ ആപത്തിനു കാരണമായി പലരും കരുതുന്നു. പക്ഷെ ഈ അഭിപ്രായത്തെപ്പററി വിധിപറയുന്നതിനുമുമ്പായി ശ്രീകൃഷ്ണചരിതത്തിൻെറ രഹസ്യവശങ്ങൾ ഒന്നാലോചിക്കേണ്ടിയിരിക്കുന്നു.

ഈ യുദ്ധത്തിൻെറ പരിണാമം ദോഷഭൂയിഷ്ഠമായിരിക്കും; ക്ഷത്രിയകുലം നശിക്കും; ക്ഷത്രാണികൾ വ്യഭിചാരിണികളായിത്തീരും; വർണ്ണസങ്കരം സർവ്വത്ര വ്യാപിക്കും; അധർമ്മത്തിൻെറ വാഴ്ച വരികയുംചെയ്യും. പിന്നെയെങ്ങനെയാണ് ധർമ്മം നിലനില്ക്കുക? ഇതായിരുന്നുയുദ്ധം

ആരംഭിക്കാറായപ്പോറം അജ്ജുനനുണ്ടായശങ്ക. ഈ സംശയനിവാരണത്തിനുവേണ്ടിയാണ് തത്സമയം ശ്രീകൃഷ്ണഭഗവാൻ ഗീത ഉപദേശിച്ചത്. യുദ്ധംനടന്നില്ലെങ്കിൽ പിന്നെ എന്താണ് സംഭവിക്കാവുന്നത്? കൌരവന്മാരുടെ സാമ്രാജ്യം നിലനില്ക്കും. ആ സമയം രാജപുത്രന്മാരുടെ കഷ്ടകാലമായിരുന്നു. ധമ്മത്തിന് നേരത്തെ തന്നെ ശോചനീയാവസ്ഥ സംഭവിച്ചിരുന്നല്ലോ. ദുരാചാരികളും ദുമ്മോഹികളുമായിരുന്നല്ലോ രാജസിംഹാസനങ്ങറം കയ്യടക്കിവച്ചിരുന്നത്. യുദ്ധം നടന്നില്ലെങ്കിൽ ഇക്കൂട്ടരുടെ നാശം എങ്ങിനെ സംഭവിക്കും? അജ്ജുനൻെറ സംശയം യുദ്ധംനിമിത്തം ക്ഷത്രിയകുലം നശിച്ച് അധമ്മം വിളയാടും എന്നായിരുന്നു. പക്ഷേ ആ സംഗതി യുദ്ധത്തിനു മുമ്പേതന്നെ സംഭവിച്ചു കഴിഞ്ഞിരുന്നതിനാൽ യുദ്ധമുണ്ടായില്ലെങ്കിൽ ധമ്മത്തിൻെറ നാമംപോലും ശേഷിക്കയില്ലെന്നവിധം അധമ്മം മൂത്തീകരിക്കുമായിരുന്നു. ഇക്കാരണത്താൽ വ്യഥാവാദം ഉപേക്ഷിച്ച് കേവലം സ്വധമ്മം പരിപാലിക്കണമെന്നും, ധമ്മപരിപാലനം കൊണ്ട് അധമ്മം ഒരിക്കലും വളരുകയില്ലെന്നും ഭഗവാൻ അജ്ജുനനോട് ഉപദേശിക്കുകയാണ്. സംഭവം അങ്ങനെതന്നെ നടക്കയും ചെയ്തു. അധമ്മനിരതരായിരുന്ന ക്ഷത്രിയരാജാക്കന്മാർ യുദ്ധത്തിൽ നശിച്ചു. സത്യവാദിയായ യുധിഷ്ഠിരൻ ധമ്മസാമ്രാജ്യം പുനഃസ്ഥാപിക്കയുംചെയ്തു. ഇതായിരുന്നു ശ്രീകൃഷ്ണൻെറ പരമോദ്ദേശ്യമെന്നു നമുക്ക് മനസ്സിലാക്കാം.

ഭാരതയുദ്ധത്തിൻെറ പരിണാമഫലമായിട്ടാണ് വിദേശിയരുടെ അനേകം ആക്രമണങ്ങറം ഭാരതത്തിൽ

പിൽക്കാലത്തുണ്ടായതെന്നു് ചിലൎക്കൊക്കെ അഭിപ്രായമു ള്ളതായി അറിയാം. എന്നാൽ ആ അഭിപ്രായം നിരൎത്ഥകമാണെന്നു കാണാൻ പ്രയാസമില്ല. ആ യുദ്ധം ഉണ്ടായിരുന്നില്ലെങ്കിൽ പിന്നെന്തു സംഭവിക്കുമായിരുന്നു എന്നാലോചിച്ചാൽമതി. അന്നത്തെ ധൎമ്മഭ്രഷ്ടരായ രാജപുത്രന്മാർ തങ്ങളുടെ ദുർവൃത്തികളും അന്തഃഛിദ്രങ്ങളും കാരണം ഭാരതത്തെ ഏതുപടുകുഴിയിൽകൊണ്ടു ചാടിക്കുമായിരുന്നുവെന്നു് ഊഹിക്കുകതന്നെ വിഷമമാണു്. ശ്രീകൃഷ്ണൻ ആ ദുഷ്ടന്മാരുടെ സൈന്യത്തെയും പ്രാബല്യത്തെയും നശിപ്പിച്ചു് ധൎമ്മരാജ്യത്തിന്റെ അസ്ഥിവാരം ഉറപ്പിക്കയും അധൎമ്മത്തിന്റെ കാട്ടിൽ ധൎമ്മത്തിന്റെപ്രതിഷ്ഠനടത്തി പൂൎണ്ണരക്ഷ നൽകയും ചെയ്തു. യുധിഷ്ഠിരചക്രവൎത്തിയുടശേഷം കലിയെ ബന്ധനത്തിലാക്കുവാൻ പരീക്ഷിത്തിനു് സാധിച്ചതുതന്നെ ആ ധൎമ്മരാജ്യത്തിന്റെ പ്രഭാവമായിരുന്നു. ശ്രീകൃഷ്ണൻ ഭാരതയുദ്ധം നടത്തിച്ചു് ധൎമ്മത്തിനു് രക്ഷനൽകിയില്ലായിരുന്നെങ്കിൽ ഭാരതം എന്നേ അധഃപതിച്ചുപോകേണ്ടതായിരുന്നു. ഭാരതയുദ്ധത്തിനുശേഷം ബഹുസഹസ്രകാലംവരെ ഭാരതത്തിൽ യവനന്മാരുടെ കാലുകുത്തുവാൻ സാധിച്ചിരുന്നില്ല. യവനന്മാരുടെ ആക്രമണം ആരംഭിച്ചതിനുശേഷവും രണ്ടായിരംവൎഷംവരെ ഭാരതത്തിലെ ക്ഷത്രിയകുലത്തിനു് മാതൃഭൂമിയെ സുരക്ഷിതമായി നിലനിൎത്താനുള്ള കെല്പും ഉണ്ടായിരുന്നു. അശോകൻ, ചന്ദ്രഗുപ്തൻ, പുഷ്യമിത്രൻ, സമുദ്രഗുപ്തൻ, വിക്രമാദിത്യൻ തുടങ്ങി അനേകം മഹാത്മാക്കൾ ജനിച്ചു് സ്വദേശത്തിന്റെ രക്ഷാപരിപാലനം നിൎവ്വഹിച്ചിട്ടുണ്ടല്ലോ. ഭാരതയുദ്ധത്തിനുശേഷം 3500വൎഷക്കാലം

ഭാരതത്തിൻെറ കീൎത്തിപതാക ദിഗ്ദിഗന്തങ്ങളിൽ പാറിക്കൊണ്ടിരുന്നതും വിദൂരദേശങ്ങളിൽനിന്നും അനേകമാളുകഠം ഭാരതത്തിൽവന്നു് ധൎമ്മശിക്ഷ സമ്പാദിച്ചുകൊണ്ടുപോയിരുന്നതും ശ്രീകൃഷ്ണൻ സ്ഥാപിച്ച ധൎമ്മരാജ്യത്തിൻെറ പ്രതാപംതന്നെയായിരുന്നു. ഭാരതം ലോകത്തിൻെറ വിദ്യാഗുരുവും ധൎമ്മത്തിൻെറ ആസ്ഥാനവും സത്യത്തിൻെറ ഉറവിടവും വീരതയുടെ കേളീരംഗവുമായിരുന്നു എന്നു് അതിശയോക്തികൂടാതെ പറയാം. അക്കാലത്തു് ഭാരതം ലോകത്തിൻെറ ഇതരഭാഗങ്ങളുമായി വ്യാപാരബന്ധവും തന്ത്രബന്ധവും നടത്തിയിരുന്നു. അന്നു് ആവിക്കപ്പലുകളും വിമാനങ്ങളും ഉണ്ടായിരുന്നതായി അറിയാം. യുധിഷ്ഠിരൻെറ അശ്വമേധയാഗം സംബന്ധിച്ചു് ശ്രീകൃഷ്ണൻ അശ്വതരിയിൽ (ആവിക്കപ്പൽ) യാത്രചെയ്കയുണ്ടായെന്നും പുരാണങ്ങളിൽ പ്രസ്താവിക്കുന്നുണ്ടല്ലോ. പ്രാചീന വിദേശസഞ്ചാരികഠം ഈ വസ്തുതകഠം അവരുടെ സഞ്ചാരക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകളുമാണു്. ശ്രീകൃഷ്ണാവതാരത്തിൻെറ മുഖ്യോദ്ദേശ്യങ്ങളും പ്രധാനഘടകങ്ങളും ഏറെക്കുറെ ഇത്രയും വിവരിച്ചതിൽനിന്നും മനസ്സിലാക്കാവുന്നതാണല്ലോ.

## 4. അനുപമമായ വ്യക്തിമാഹാത്മ്യം.

ശ്രീകൃഷ്ണൻ തൻെറ ഉദ്ദേശ്യസിദ്ധികഠം വരുത്തിയത് ഏതെല്ലാം ഉപായങ്ങഠം പ്രയോഗിച്ചിട്ടായിരുന്നുഎന്നൊരു ലഘുപരിശോധന ചെയ്യാം. മഹത്തായ ഉദ്ദേശ്യങ്ങളോടുകൂടി അവതരിക്കുന്ന മഹാത്മാക്കളിൽ തദനുസരണമായ മഹൽഗുണങ്ങളും ഉണ്ടായിരിക്കും. സമസ്തലോകരും തങ്ങളുടെപേക്ക് ആകഷിക്കത്തക്കവണ്ണം ഉന്നതവും ദിവ്യവുമായ വ്യക്തിമാഹാത്മ്യങ്ങഠം അവരിൽ കാണാം.

സമകാലീനനായ ഭീഷ്മനേപ്പോലുള്ള ഒരു മഹാതപസ്വി ശ്രീകൃഷ്ണനെ സാക്ഷാൽ ഈശ്വരാവതാരമായി ഗണിച്ചിരുന്നതും ദുര്യോധനനെപ്പോലുള്ള ദുഷ്ടാത്മാവുപോലും അദ്ദേഹത്തെ ഭയഭക്തിവിശ്വാസങ്ങളോടെ ആദരിച്ചുവന്നതും അദ്ദേഹത്തിൻെറ സഹായങ്ങളും ഉപദേശങ്ങളും തേടിച്ചെന്നു സ്വീകരിച്ചിരുന്നതും ഭഗവാൻെറ അത്ഭുതകരമായ മഹിമാവിശേഷങ്ങഠംക്കു തെളിവാണല്ലോ.

### രണ്ടുദോഷാരോപണങ്ങഠം

ഇത്ര നിഷ്കളങ്കനും സ്വാത്ഥരഹിതനുമായ ശ്രീകൃഷ്ണനെപ്പററി രണ്ടുപ്രകാരത്തിലുള്ള ദോഷാരോപണങ്ങളാണ് ചിലർ ഉന്നയിക്കുന്നത്. ഒന്ന് കപടാചരണവും മറെറാന്ന് സ്ത്രീലോലുപതയുമാണ്. ഈ രണ്ട് ആരോപണങ്ങളും അത്ഥശൂന്യമാണെന്നു സൂക്ഷ്മനിരീക്ഷണം ചെയ്യുന്നവക്കറിയാവുന്നതേയുള്ള.

കപടാചരണം എന്ന ആക്ഷേപം ദ്രോണാചാര്യരുടെ വധത്തെസംബന്ധിക്കുന്ന കഥയാണ്. അശ്വത്ഥാമാവ് കൊല്ലപ്പെട്ടു എന്ന വ്യാജവാർത്ത പരത്തുകയും, യുധിഷ്ഠിരനെക്കൊണ്ട് മിഥ്യാഭാഷണം ചെയ്യിക്കയുംചെയ്തു, എന്ന രണ്ടു കുററങ്ങളാണ് ശ്രീകൃഷ്ണൻ ചെയ്തതായി പറയുന്നത്. അത് സമ്മതിച്ചാൽതന്നെയും യുദ്ധനീതി അഥവാ ന്യായതന്ത്രപ്രകാരം അതിൽ നിന്ദിക്കത്തക്കതായി യാതൊന്നുമില്ല. കപടചാരിയെന്നോ, മിഥ്യാഭാഷിയെന്നോ ഉള്ള അപവാദം അദ്ദേഹത്തിൻെറമേൽ ആരോപിക്കുവാനും സാധിക്കയില്ല. എന്തെന്നാൽ ഏതുസന്ദർഭത്തിലാണു അശ്വത്ഥാമാ കൊല്ലപ്പെട്ടു എന്നുള്ള വ്യാജവാർത്താപ്രചരണമുണ്ടായതെന്നുനോക്കാം. ദ്രോണാചാര്യർ സ്വയമേവ ധർമ്മയുദ്ധത്തിനുവിരുദ്ധമായി അസ്ത്രപ്രയോഗം വശമില്ലാത്ത എതിരാളികളുടെനേക്ക് അസ്ത്രപ്രയോഗം ചെയ്തുകൊണ്ടിരുന്ന സമയമായിരുന്നു അത്. എന്നുതന്നെയല്ല അപ്പോൾ ദ്രോണാചാര്യരുടെ വധമുണ്ടായിരുന്നില്ലെങ്കിൽ പാണ്ഡവസേന നിശ്ശേഷം നശിപ്പിക്കപ്പെട്ടുമായിരുന്നുവെന്നുള്ളത് സ്പഷ്ടവുമായിരുന്നു. സത്യഭാഷണം ചെയ്യണമെന്നുള്ളത് ഒരു സാധാരണനിയമവും സത്യം ധർമ്മത്തിന് ആധാരവുമാണ്. എന്നാൽ ശ്രീകൃഷ്ണൻ ഈ നിയമത്തിൽ അഞ്ച് അപവാദസ്ഥാനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആ അഞ്ചു അപവാദസ്ഥാനങ്ങൾക്കും ഉപരിയായി ഏതെങ്കിലും സ്ഥാനത്ത് വ്യാജംപറയുന്നതിലും കപടാചരണം ചെയ്യുന്നതിലും പാപമുണ്ട്. ആ അഞ്ചുസ്ഥാനങ്ങളിൽ വ്യാജം പറയുന്നത് ധർമ്മമല്ലെന്നിരുന്നാലും പാപമാകയില്ല. അതിനാൽ ശ്രീകൃഷ്ണൻെറപേരിലുള്ള കപടാചരണക്കുററമോ

കപടാചരണാക്ഷേപമോ യുക്തമല്ലെന്നു സിദ്ധിക്കുന്നു. എന്നുതന്നെയുമല്ല ശ്രീകൃഷ്ണൻ ഇതിനെല്ലാം ഉപരിയായ ആദശ്ശവാദിയായിരുന്നു. അദ്ദേഹത്തിന്റെ സത്യപ്രതാപം കൊണ്ടുതന്നെയല്ലേ ഉത്തരയുടെ മൃതപുത്രനെ ജീവിപ്പിച്ചെടുക്കുവാൻ സാധിച്ചതു്. ശ്രീകൃഷ്ണൻ ഒരു സാധാരണ മനുഷ്യന്റെ ശക്തികൊണ്ടുതന്നെയാണു് എല്ലാകാര്യങ്ങളും നടത്തിവന്നതു്. ഒരിടത്തും അമാനുഷികമോ അനനുഭൂതമോ ആയ ശക്തി പ്രയോഗിച്ചിട്ടില്ല. വെറും നയതന്ത്രപരമായ പ്രയോഗംകൊണ്ടു് ദ്രോണാചാര്യരുടെ വധം നടത്തിയെന്നുള്ളതു് ശരിയായിരിക്കാം. പക്ഷേ അതേസമയം അഭിമന്യുവിന്റെ ബാലമനസ്സിനു് ധൈര്യംനൽകത്തക്ക സത്യബലം അദ്ദേഹത്തിനുണ്ടായിരുന്നു.

ഭീഷ്മവധത്തിലും ഭഗവാൻ അനുചിതമായി ഒന്നും പ്രവൃത്തിച്ചിട്ടില്ല. എന്തെന്നാൽ അജ്ജുനനും ഭീഷ്മനുമായി നടത്തിയതു് ദ്വന്ദയുദ്ധമല്ലാ. അതൊരു "സംഹതസംഗ്രാമ"മായിരുന്നു. അതായതു ഇരുപക്ഷക്കാരുടേയും സേനകൾ എതിർപക്ഷക്കാരുടെ സേനയെ സംഹരിക്കുക! അതിൽ ഏതെങ്കിലും ഒരു യോദ്ധാവു് നാലുയോദ്ധാക്കളെ വധിച്ചാലും, നാലുയോദ്ധാക്കൾകൂടി ഒരു യോദ്ധാവിനെ വധിച്ചാലും തന്മൂലം ധമ്മയുദ്ധത്തിന്റെ നിയമങ്ങൾക്കു് ബാധകമാകുന്നില്ല. ഭീഷ്മരെ വളഞ്ഞു് നാലുഭാഗത്തുനിന്നും ശരവഷം ചെയ്യുന്നതു് അനുചിതമാണെങ്കിൽ പാണ്ഡവന്മാരുടെ ഏഴു് അക്ഷൌഹിണിപ്പടകളുടെമേൽ കൌരവരുടെ ഏഴു് അക്ഷൌഹിണിസേന യുദ്ധംചെയ്യുന്നതു കുറേക്കൂടി അനുചിതമാകുന്നു. അതിനാൽ സംഹാരസമരത്തിൽ ഇങ്ങനെയുള്ള സംഗതികൾ ചിന്തിക്കാ

റില്ല. ഇതുകൊണ്ടുതന്നെയാണു് പാണ്ഡവന്മാർ ശിഖണ്ഡിയെ മുന്നിൽനിർത്തിയിട്ടു് യുദ്ധംചെയ്തതു്. ശിഖണ്ഡിയുടെമേൽ ഭീഷ്മർ അസ്ത്രംപ്രയോഗിക്കയില്ലെന്നു് അവൎക്കറിയാമായിരുന്നു. ഈ പ്രവൃത്തിയും സന്ദർഭോചിതമായിരുന്നതിനാൽ അനുചിതമെന്നു പറയാനില്ല.

ഇങ്ങനെ കപടാചരണത്തെപ്പററി സാധാരണ പറയാറുള്ള ആക്ഷേപങ്ങൾക്കു് ബാലിശമെന്നതിൽ കവിഞ്ഞു വിലകല്പിക്കത്തക്കതായി ഒന്നുമില്ലെന്നും തന്നെയുമല്ല യുദ്ധതന്ത്രത്തിനും മൎയ്യാദയ്ക്കും വിപരീതമായി അതിലൊന്നും അടങ്ങിയിട്ടില്ലെന്നും നിസ്സന്ദേഹം പറയാം.

### മററൊരാക്ഷേപം.

ശ്രീകൃഷ്ണൻെറ ഗോപീജനസംസർഗ്ഗത്തെപ്പററിയാണല്ലോ മററൊരാക്ഷേപമുള്ളതു്. ഗോപസ്ത്രീകൾ നഗ്നരായി നദീസ്നാനംചെയ്യുമ്പോൾ അവരുടെ വസ്ത്രങ്ങൾ അപഹരിച്ചെന്നും അവരുടെ ലജ്ജയെ ഇളക്കിവിട്ടെന്നുമുള്ളതാണു് ആ ആരോപണം. ഈ വസ്ത്രാക്ഷേപകഥയുടെ പിന്നിലുള്ള മഹൽതത്വങ്ങളെ ഗ്രഹിയ്ക്കാനുള്ള വിവേകമില്ലായ്മമാത്രമാണു് ഈ ദുർവ്യാഖ്യാനത്തിനു് കാരണം. വസ്ത്രാപഹരണത്തിൻെറ സന്ദർഭവും അപ്പഴത്തെ കൃഷ്ണൻെറ പ്രായവും പ്രത്യേകം പരിഗണിക്കേണ്ടതുണ്ടു്. കേവലം അഞ്ചുവയസ്സുള്ള ബാലമുകുന്ദനും നാല്പതിൽ കവിഞ്ഞ ഗോപികാജനങ്ങളുമാണു് ഈ കഥയിലുള്ളതെന്നും ഓൎമ്മിക്കണം. എന്നാൽ ഇതിനൊക്കെ പുറമെ ഇങ്ങിനെയൊരു സംഭവം നടന്നതോ വെറുമൊരു കെട്ടുകഥ മാത്രമോ എന്നും സംശയിക്കത്തക്കതാണു്.

പക്ഷെ ആ കഥ നടന്നതായാലും അല്ലെങ്കിലും ഒരു സംഗതി സ്പഷ്ടമാണ്. ശ്രീകൃഷ്ണൻെറ ഒരു ആദ്ധ്യാത്മിക തത്വം ആ കഥയിൽകൂടി വെളിപ്പെടുന്നുണ്ട്. യഥാൎത്ഥ ഭഗവൽപ്രേമത്തിനു് സ്ത്രീപുരുഷവ്യത്യാസമെന്നുള്ള ദൈ്വതഭ്രാന്തിയിൽനിന്നുളവാകുന്നതായ ലജ്ജ പ്രതിബന്ധമാകയാൽ ആ ലജ്ജയെനശിപ്പിച്ച് ഭക്തമുക്തകളായ ഗോപികാജനങ്ങൾക്ക് യഥാൎത്ഥമായ കൈവല്യം പ്രദാനം ചെയ്യുകയായിരുന്നില്ലേ ശ്രീകൃഷ്ണൻെറ ഉദ്ദേശ്യം? അതിലേക്കായി മനോമാലിന്യങ്ങളായ പാപങ്ങളെ കഴുകി നിൎമ്മലമാകുന്ന പ്രേമഗംഗയിൽ സ്നാനംചെയ്യുന്ന ഗോപീജനങ്ങളുടെ ലജ്ജയാകുന്ന വസ്ത്രഭാരത്തെയാണ് നിൎവ്വാണാത്മകനായ കൃഷ്ണപരമാത്മാവു് അപഹരിക്കുന്നതു്. അല്ലാതെ ഗോകുലത്തിലെ സ്ത്രീജനങ്ങളുടെമേൽ കാമമുദിച്ചു കുളിക്കടവിൽ ചെന്നു് അവരുടെ വസ്ത്രങ്ങൾ അപഹരിച്ചുകൊണ്ടു് മരത്തിന്മേൽകയറി ഒളിച്ചിരുന്നു് നഗ്നമായ അവരുടെ രൂപം നോക്കിരസിക്കത്തക്ക വിടകേസരിയായിരുന്നില്ല ശ്രീകൃഷ്ണൻ. മതവിദ്വേഷികളുടെ മൃഗീയബുദ്ധിയിൽതോന്നുന്ന വെറും കരങ്ങാട്ടമല്ലാതെ മറെറാന്നുമല്ല ഈ അധിക്ഷേപം.

•

ശ്രീകൃഷ്ണൻ ഗോപസ്ത്രീകളുമായി സംസൎഗ്ഗം ചെയ്തിരുന്നതിനെപ്പററി അധിക്ഷേപിക്കുന്നവർ അദ്ദേഹം ഒരു വ്യഭിചാരിയായിരുന്നെന്നു് തോന്നിക്കത്തക്കവിധം യാഥാൎത്ഥ്യങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകാണുന്നതിനെപ്പററി ലജ്ജിക്കയെല്ലാതെ മറെറന്താണു ചെയ്യുക. കൃഷ്ണൻ വ്യഭിചാരിയായിരുന്നെങ്കിൽ കംസൻെറ രണഭൂമിയിലിറങ്ങി-ചാണൂരനെ മർദ്ദിക്കുന്നതിനോ അനവധി ക്രൂരന്മാരായ

രാജാക്കന്മാരെ നശിപ്പിച്ച് സവ്വത്ര ധമ്മരാജ്യം സ്ഥാപിക്കു ന്നതിനോ സാധിക്കുമായിരുന്നോ? രുഗ്മിണീസ്വയംവര വേളയിൽ കൃഷ്ണൻെറ മാഹാത്മ്യത്തെപ്പററി ദന്തവക്ത്രൻ പ്രശംസിക്കുന്നതിനോ ആ പ്രസംഗം കേട്ടിട്ട് ജരാസ ന്ധൻ, ശിശുപാലൻ മുതലായവർ മൌനമായിരിക്കുന്ന തിനോ ഇടയാകുമായിരുന്നോ? ശിശുപാലൻ രാജസൂയ യാഗത്തിൽ കൃഷ്ണനു വിരുദ്ധമായി പലതും പറഞ്ഞകൂട്ട ത്തിൽ വ്യഭിചാരത്തെപ്പററി ഒരൊററ ആരോപണമെ ങ്കിലും ചെയ്യാമായിരുന്നില്ലേ? അങ്ങിനെയൊരാക്ഷേപം യഥാത്ഥത്തിലുണ്ടായിരുന്നെങ്കിൽ ശിശുപാലൻ ഒന്നാമ തായി അതുതന്നെ എടുത്തു ഘോഷിക്കാതിരിക്കുമോ? അതു പോലെ കൌരവസഭയിൽവെച്ചുണ്ടായ വസ്ത്രാക്ഷേപത്തി നിടയിൽ ദ്വാരകാവാസിയായ കൃഷ്ണൻെറ നാമം സ്മരിച്ച പ്പോഠം അദ്ദേഹത്തെ "മഹായോഗിൻ" "വിശ്വഭാവൻ" ആദിയായ നാമങ്ങഠം വിളിച്ചു സ്തുതിക്കുവാനിടയില്ല. ആ സങ്കടാവസ്ഥയിൽ ദ്രൌപദി വ്യഭിചാരിയായ ഒരാളിനെ വിളിച്ചു സ്തുതിക്കയും പ്രാത്ഥിക്കയും ചെയ്യുമായിരുന്നില്ല. ഈ സംഗതികഠംകൊണ്ടുതന്നെ ആ ആരോപണങ്ങഠം അത്ഥശൂന്യങ്ങളായിരുന്നു എന്നു സ്പഷ്ടമാകുന്നില്ലേ?

ശ്രീകൃഷ്ണൻ അത്യന്തസുന്ദരനായിരുന്നു "സ്ത്രീണാം സ്മരോ മൂത്തിമാൻ" എന്നു പറഞ്ഞായിരുന്നു. അദ്ദേഹ ത്തിൻെറ സൌന്ദയ്യവണ്ണനയ്ക്കായി ശ്രീമദ്ഭാഗവതകാരൻ ആരംഭിക്കുന്നതു്. കാമദേവൻെറ ലീലകളെ വണ്ണിക്കുന്ന തിനുവേണ്ടി ശ്രീകൃഷ്ണൻെറ കാമവിലാസങ്ങളെപ്പററി കവി കഠം കല്പനാപരമായി വണ്ണിച്ചിട്ടുള്ളതു് സംഭാവ്യമാണ്. പക്ഷെ ആ വണ്ണനകഠം ശൃംഗാരമയമാണെങ്കിലും അതി

ൻെറ പൊരുളുകൾ കേവലം ആദ്ധ്യാത്മികവും വൈരാഗ്യ പരവുമാണ് എന്നൊരു വിശേഷമുണ്ട്. ഉദാഹരണത്തിനായി ഗോപസ്ത്രീകളുടെ വസ്ത്രാപഹരണംതന്നെ പരിശോധിക്കാം. ഗോപസ്ത്രീകൾ ഉടയാടകൾ അഴിച്ചു കരയ്ക്കു വച്ചിട്ട് യമുനാനദിയിലിറങ്ങി സ്നാനംചെയ്യുമ്പോൾ ശ്രീകൃഷ്ണൻ അവരുടെ വസ്ത്രങ്ങൾ അപഹരിച്ചുകൊണ്ട് സമീപമുണ്ടായിരുന്ന ആലിൻകൊമ്പിൽ കയറിയിരുന്നു എന്നുള്ളതാണല്ലോ അതിലെ സംഭവം. ഈ സംഭവത്തെപ്പററി ചിത്രകാരന്മാർ എഴുതിയിട്ടുള്ള ചിത്രം ഒരു ആദ്ധ്യാത്മികതത്വത്തിൻെറ ചിത്രീകരണം മാത്രമാണെന്ന് നമുക്കു മനസ്സിലാക്കിക്കൂടെ? ശ്രീകൃഷ്ണൻ പരമാത്മാവും ഗോപികമാർ ജീവാത്മാക്കളുമാണെന്നുകരുതുക. ഗോപികമാരുടെ ശരീരമാണ് വസ്ത്രമെന്നും വിചാരിക്കുക. ഗോപികമാർ തങ്ങളുടെ ശരീരം ഉപേക്ഷിച്ചിട്ടു ഭഗവാനിൽ നിർവ്വാണലയം ചെയ്യുന്നു എന്നുള്ള തത്വമാണ് മേൽ പറഞ്ഞ ചിത്രീകരണമെന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ലല്ലോ.

ഇതേ ചിത്രീകരണത്തെപ്പററി മറെറാരു ഭാവന എടുത്തുകാണിക്കാം. ഒരു ഭഗവൽഭക്തൻ പ്രാൎത്ഥിക്കുന്നതു നോക്കുക.

"ഗോപീലജ്ജാവസനനികരംവാരിനിർവ്വാണവൃക്ഷം
പ്രാപിച്ചാശാശമനഫലമാംപുഞ്ചിരിക്കൊഞ്ചൽതൂകി
പാപക്ഷോപാപഗയുടെകരയ്ക്കാളുമദ്വൈതലീലാ
ഗോപാലൻതൻനിഗമസുരഭിശ്രീപദാബ്ജംതൊഴുന്നേൻ"

ഈ സ്തുതിയിൽ അന്തർഭവിച്ചിരിക്കുന്ന ചിത്രത്തിൻെറ ആന്തരികഭാവന എന്താണെന്ന് ആലോചിച്ചുനോക്കുക. ശ്രീകൃഷ്ണൻെറ ശൃംഗാരലീല നിർവ്വാണാത്മകമായ അദ്വൈതസിദ്ധാന്തത്തെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. നിഗൂഢമായ ആന്തരാർത്ഥങ്ങൾ അറിയാതെ എന്തെങ്കിലും അധിക്ഷേപങ്ങൾ വലിച്ചെറിയുന്നവരോട് ഈ വിഷയത്തെപ്പററി പറഞ്ഞു മനസ്സിലാക്കാനൊന്നുമില്ല. യഥാർത്ഥത്തിൽ ഗോപീജനങ്ങൾക്ക് കൃഷ്ണഭഗവാനിലുണ്ടായിരുന്ന ഭാവം പ്രേമമോ പ്രണയമോ ഭക്തിയോ എന്തുതന്നെയായിരുന്നാലും അത് അത്യന്തം പവിത്രവും ദിവ്യവുമായിരുന്നു.

നിഷ്കളങ്കവും പരിശുദ്ധവുമായ സ്വഭാവമാണ് അദ്ദേഹത്തിൽ നാം കാണുന്നത്. അദ്ദേഹം മധുമധുരമായ മുരളീഗീതംമുഖേന ഗോകുലവാസികളായ പക്ഷിമൃഗാദികളെപ്പോലും ആനന്ദത്തിൽ ലയിപ്പിച്ചിരുന്നു. ദീനരേയും ദുർബലരേയും സഹായിക്കുക, ദുഷ്ടന്മാരെ അമർത്തുക, എന്നീസ്വഭാവം കൃഷ്ണൻെറ കുട്ടിക്കാലം മുതലേ ഉള്ളതാണല്ലോ. ചങ്ങാതികളോടു ചേരുമ്പോൾ വിനോദിക്കുക, ഹരിനാമങ്ങൾ കീർത്തിച്ച് ഭജിക്കുന്നവരുടെകൂടെ കൂടുമ്പോൾ ഭജനചെയ്യുക, ദുഷ്ടതയെ എതിക്കയും ദുഷ്ടരോട് പോരാടുകയും ചെയ്യുക, സമഭാവേന എല്ലാവരേയും സ്നേഹിക്കുക, ഭക്തജനങ്ങൾക്കു മുക്തിദായകങ്ങളായ മാർഗ്ഗങ്ങൾ ഉപദേശിക്കുക, ദീനന്മാക്ക് ദാനംചെയ്യുക, അതിഥികളെ സൽക്കരിക്കുക, പ്രേമികളോടു പ്രേമദാസ്യം കാട്ടുക എന്നിങ്ങനെ നാനാവിധങ്ങളിലും സന്ദർഭോചിതമായി പ്രവത്തിക്കുക കൃഷ്ണൻെറ ഒരു അത്ഭുതസ്വഭാവമായിരുന്നു. ഭക്തപ്രിയകളായ ഗോപികമാരുടെ മദ്ധ്യത്തിൽ സ്ഫുരിപ്പിച്ചിരുന്ന

മാധുര്യ്യഭാവം അദ്ദേഹം രണഭൂമിയിലും പ്രകടമാക്കിയിരുന്നു. സുഖവും ദുഃഖവും അഭേദമായി കണ്ടിരുന്ന ഭഗവാന്റെ എപ്പോഴും മന്ദസ്മിതമായിരുന്നു അലങ്കാരം. രാസക്രീഡനടക്കുമ്പോഴും ഭാരതയുദ്ധം കൊട്ടുമ്പിരികൊള്ളുമ്പോഴും ശ്രീകൃഷ്ണൻ സുസ്മേരവദനനായിരുന്നുവെങ്കിൽ ആശ്ചര്യ്യമൊന്നുമില്ല. ഘടോൽകചൻ വധിക്കപ്പെട്ടതോടുകൂടി പാണ്ഡവസേനയിൽ ശോകം വ്യാപിച്ചപ്പോൾ ശ്രീകൃഷ്ണന്റെ വെറും മന്ദസ്മിതമാണുണ്ടായത്. ആ മന്ദസ്മിതം പാണ്ഡവരുടെ ദുഃഖത്തെ പെട്ടെന്നു ദൂരീകരിക്കുവാനിടയാക്കി. സർവ്വഗുണസമ്പൂർണ്ണനും സർവ്വജ്ഞനുമായിരുന്ന കൃഷ്ണൻ പ്രകൃതിയുടെ പ്രഭുവും ആയിരുന്നു. അതുനിമിത്തം ലോകം അദ്ദേഹത്തെ ഈശ്വരാവതാരമായി കരുതിയതിൽ എന്താണു അത്ഭുതം? അദ്ദേഹത്തിന്റെ മുഖത്തുനിന്നും പുറപ്പെടുന്ന വാക്കുകൾ ഈശ്വരോക്തങ്ങളായി സ്വീകരിക്കയും അപ്രകാരം അനുസരിക്കയും ചെയ്ത ലോകത്തിന്റെ അദ്ദേഹത്തിന്റെ വചനങ്ങൾ ഒരിക്കലും മിഥ്യയാകയില്ലെന്നുള്ള ബോദ്ധ്യമുണ്ടായിരുന്നു. തന്റെ അലൌകികവും ദിവ്യവുമായ ഈ സ്വഭാവവിശേഷത്തിന്മേലാണ് ശ്രീകൃഷ്ണൻ ധർമ്മരാജ്യത്തിന്റെ അസ്ഥിവാരം കെട്ടിപ്പൊക്കിയത്.

## 5. സർവ്വസമ്പൂർണ്ണമായ യുഗാവതാരം.

ശ്രീകൃഷ്ണൻെറ ചരിത്രം പവിത്രവും ദിവ്യവുമായിരുന്നെന്നു ഇത്രയും വിവരിച്ചതിൽനിന്നും വ്യക്തമാണല്ലോ. ഏതെങ്കിലും ജനതയുടെ ഇടയിൽ ഇങ്ങനെയുള്ള മഹാത്മാക്കൾ ജനിയ്ക്കുന്നതിന്നു ഭാഗ്യമുണ്ടായാൽ ആ ജനത അദ്ദേഹത്തെ അറിഞ്ഞാദരിക്കാനും, അനുസരിച്ചു ജീവിക്കുവാനും യോഗ്യതയുള്ളവരായിരിക്കുമെന്നതു് ഐതിഹാസികമായ ഒരു മഹൽതത്വമാകുന്നു. അദ്ദേഹത്തിൻെറ മാഹാത്മ്യം ആ ജനതയിലും പ്രകാശിക്കും.

ശ്രീരാമചന്ദ്രൻെറകാലത്തു് വാനരന്മാരിൽപോലും ഭഗവൽഭക്തിപ്രകടമായിരുന്നല്ലോ. ഗുരുഗോവിന്ദസിംഗിൻെറകാലത്തു് എല്ലാ സിക്കുകാരും വീരന്മാരായിരുന്നു. ശിവാജിയുടെ ജീവിതകാലത്തു് മഹാരാഷ്ട്രരിൽ അദ്ദേഹത്തിൻെറ ധർമ്മനിഷ്ഠയും ശൂരതയും വിളങ്ങിയിരുന്നു. ഇതുപോലെ ശ്രീകൃഷ്ണയുഗത്തിലും ജനങ്ങളിൽ ഭഗവാൻെറ മഹത്വചൈതന്യങ്ങൾ പ്രകാശിച്ചിരുന്നു. അവരുടെ ഉൽക്കഷം ശ്രീകൃഷ്ണഭഗവാനിൽ മൂർത്തീകരിച്ചു കാണപ്പെട്ടു. ഭഗവാൻ ജീവിച്ചിരുന്ന കാലത്തുതന്നെ ശ്രീകൃഷ്ണദ്വൈപായനമഹർഷിയും ജീവിച്ചിരുന്നു. വേദവ്യാസകൃതമായ ഗ്രന്ഥങ്ങൾ പഞ്ചവേദങ്ങളായി ഗണിക്കപ്പെടുന്നു. ഗുരു സാന്ദീപനിയെപ്പോലുള്ള തപസ്വി, വസുദേവരെപ്പോലുള്ള ത്യാഗി, സുദാമനെപ്പോലുള്ള ബ്രാഹ്മണൻ, ഉദ്ധവരെപ്പോലുള്ള ഭഗവത് ഭക്തൻ, യുധിഷ്ഠിരനെപ്പോലുള്ള സത്യവാദി, ഭീമനെപ്പോലുള്ള പരാക്രമി, അർജ്ജുനനെപ്പോലുള്ള വീരധാർമ്മികൻ, ഭീഷ്മരെപ്പോലുള്ള മൃത്യുഞ്ജയൻ, ഗാന്ധാരി

യെപ്പോലുള്ള പതിവ്രത, ഗോപരെപ്പോലുള്ള സജ്ജനങ്ങൾ എന്നിങ്ങനെ അനവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്.

എന്നാൽ ഈ പ്രസ്താവിച്ചതുപോലെ മഹത്വമുള്ള ധാർമ്മികപുരുഷന്മാർ ധാരാളം ഉണ്ടായിരുന്നെങ്കിലും, ധർമ്മഭാവന പരിലസിച്ചിരുന്നെങ്കിലും, രാജ്യതന്ത്രത്തിൻെറ കാര്യകർത്താക്കളായിരുന്നവർ ധർമ്മവിരോധികളായിട്ടാണ് ഭവിച്ചത്. അതിൻെറ ഫലമായി ധാർമ്മികപുരുഷന്മാരും രാജ്യകാര്യങ്ങളും തമ്മിൽ പൊരുത്തമില്ലാതെ അകന്നിരുന്നു. എന്നുമാത്രമല്ല ധാർമ്മികജനങ്ങൾ അകന്നകന്നു പോകുന്തോറും രാജാക്കന്മാർ ധർമ്മശാസ്ത്രവിരുദ്ധമായി രാജനീതി നടത്താനും തന്മൂലം ജനങ്ങൾ പലവിധദുഃഖങ്ങൾ സഹിക്കാനും ഇടയായി. ശ്രീകൃഷ്ണൻെറ കാലത്തെ ആവസ്ഥ ഇതായിരുന്നല്ലോ. അതിനാൽ അതിനു പ്രതികാരവും പരിഹാരവും ചെയ്യുന്നതിനുള്ള പ്രയത്നങ്ങൾ നടന്നുകൊണ്ടാണിരുന്നത്. നിവൃത്തിതല്പരന്മാരെയും പ്രവൃത്തിതല്പരന്മാരെയുംതമ്മിൽ ഏററുമുട്ടിച്ച്, ധർമ്മവും അധർമ്മവും തമ്മിൽ പൊരുതാനിടയാക്കി, ഒടുവിൽ ധർമ്മത്തിൻെറ വാഴ്ച സ്ഥിരപ്പെടുത്തുകയെന്നകൃത്യമാണ് ശ്രീകൃഷ്ണൻ ചെയ്തിട്ടുള്ളത്.

ഇതു കേവലം ഒരു രാഷ്ട്രീയപ്രക്ഷോഭണം മാത്രമായിരുന്നില്ല. ഫ്രാൻസിലെ വിപ്ലവം കേവലം രാജകീയവിപ്ലവമായിരുന്നു. ഇംഗ്ലണ്ടിലെ പ്രക്ഷോഭണം വെറും സാമ്പത്തികമായിരുന്നു. ഫ്രാൻസിൽ രക്തപ്പുഴയൊഴുക്കി ഇംഗ്ലണ്ടിൽ സ്വേച്ഛാഭരണം നടപ്പാക്കി. ഇതായിരുന്നു ആ രണ്ടു രാജ്യങ്ങളിൽ നടന്നതെന്നു നമുക്കറിയാവുന്നതാണ്.

എന്നാൽ ശ്രീകൃഷ്ണൻ ഇതിനൊക്കെ എത്രയോ വർഷങ്ങൾക്ക മുമ്പ് ഭാരതത്തിൽ നടത്തിയ ഈ വിപ്ലവം രാഷ്ട്രീയത്തേക്കാൾ കൂടുതൽ ആദ്ധ്യാത്മികമായിരുന്നു എന്നു തന്നെ പറയണം. അത് ഭാരതത്തെ ഒരു ആദർശരാജ്യമായി ഉയർത്തുകയാണ് ചെയ്തത്.

അക്കാലത്ത് ചാതുർവ്വർണ്ണ്യം ഉണ്ടായിരുന്നുവെന്ന് മുൻപുതന്നെ പറഞ്ഞിരുന്നല്ലോ? എന്നാൽ അതു ദുഷിച്ചുപോയിരുന്നു. ശൂദ്രർ, വൈശ്യർ, സ്ത്രീകൾ എന്നിവർ മോക്ഷത്തിന്നധികാരികളല്ലെന്നായിരുന്നു പൊതുവിശ്വാസം. ഇതിന്റെ കൂട്ടത്തിൽ ഉപനിഷത്തുക്കളുടെ ഗഹനമായ ചിന്തനങ്ങൾ പ്രചാരത്തിൽ വന്നതോടുകൂടി സംസാരത്തിൽനിന്നും അകന്നുജീവിക്കുന്നതാണ് മോക്ഷത്തിനുള്ള എളുപ്പമായവഴി എന്നുള്ള ചിന്താഗതി ധാർമ്മികപുരുഷന്മാരുടെ ഹൃദയങ്ങളിൽ കടന്നുകൂടി. ശ്രീകൃഷ്ണന്റെ ആദ്ധ്യാത്മികവിപ്ലവം ഈ ചിന്തയോടുകൂടി ചെയ്യപ്പെട്ടതാണ്. അതു സാധിച്ചതോ ബലാല്ക്കാരമായിട്ടായിരുന്നു താനും.

ശ്രീകൃഷ്ണൻ കുട്ടിക്കാലംമുതൽ ജീവിച്ചത് വൈശ്യശൂദ്രാദികളുടെ മദ്ധ്യത്തിലായിരുന്നല്ലോ. അക്കാലത്തെ സമുദായത്തിൽ അത്രഗണനീയരല്ലാതിരുന്ന അക്കൂട്ടരെ കൃഷ്ണൻ സ്വന്തമെന്നപോലെ സമനിലയിൽ ഉയർത്തിക്കൊണ്ടുവരികയും അവരുടെ ഹൃദയത്തിൽ ഈശ്വരചിന്തയും ഭക്തിയും വളർത്തുകയും ചെയ്തു. വൃന്ദാവനവാസിയായ കൃഷ്ണനെ ദർശിക്കുവാൻ ഭക്തിപാരവശ്യത്തോടെ ഓടിയെത്തിയ ഗോപസ്ത്രീകളെ അദ്ദേഹം ഭക്തിമാർഗ്ഗത്തിൽകൂടിനയിച്ച് മുക്തിനൽകി. ചാതുർവ്വർണ്ണ്യവ്യവസ്ഥകൾ തന്റെ യുക്തമായ ഉപദേശങ്ങൾകൊണ്ട് പുനഃസംഘടി

പ്പിച്ചു. പ്രവൃത്തിപരായണന്മാക്ക് തങ്ങളുടെ ധാൎമ്മിക കൎത്തവ്യങ്ങളും, നിവൃത്തിപരായണന്മാക്ക് അവരുടെ ലൌകിക കൎത്തവ്യങ്ങളും ഉപദേശിച്ചു. ഇപ്രകാരം എല്ലാ സമുദായങ്ങളേയും അദ്ദേഹം നവീകരിച്ചു. അദ്ദേഹത്തിൻെറ ജീവിതസമയം മുഴുവൻ ലൌകികത്തിൽ മാത്രം മുഴുകിയിരിക്കയല്ലായിരുന്നു. നിത്യവും പുതിയ ശത്രുക്കളുമായി യുദ്ധംചെയ്ത് അവക്ക് സ്വൎഗ്ഗപ്രാപ്തിയ്ക്കുള്ള മാൎഗ്ഗം തെളിയിച്ചുകൊടുക്കുക പതിവായിരുന്നതുപോലെ ധൎമ്മപ്രചാരം ചെയ്യുക ജിജ്ഞാസുക്കളെ വേദാന്തത്തിൻെറ ഗൂഢതത്വങ്ങൾ മനസ്സിലാക്കുക, ഭക്തന്മാക്ക് ഉപദേശാമൃതം നൽകി സംതൃപ്തരാക്കുക എന്നിവ അദ്ദേഹത്തിൻെറ നിത്യകൎത്തവ്യങ്ങളായിരുന്നു. ഇങ്ങനെ അധൎമ്മത്തേയും, അധൎമ്മികളേയും പരാക്രമബുദ്ധിയോടെ പൊരുതുനശിപ്പിച്ച് മഹത്തായ ധാൎമ്മികപരിവൎത്തനം നടത്തിയ ശ്രീകൃഷ്ണൻ അക്കാലത്ത് ലോകത്തിൻെറ ആരാദ്ധ്യപുരുഷനും നേതാവുമായിരുന്നു.

### ഭഗവത്ഗീത

അന്നത്തെ ധാൎമ്മികവിപ്ലവത്തിൻെറ പരിണതഫലമായ ഭഗവത്ഗീത ലോകോത്തരമായി ഇന്നും എന്നും നിലനില്ക്കുന്നു. ഭാരതഭൂമിയിൽ സനാതനധൎമ്മത്തിൻെറ ഏതെല്ലാം സമ്പ്രദായങ്ങൾ നടപ്പുണ്ടോ അവയ്ക്കൊക്കെ ആധാരഭൂതമായ പ്രസ്ഥാനത്രയത്തിൽ ഒന്നത്രേ ഭഗവത്ഗീത. ശ്രീകൃഷ്ണൻ വരുത്തിയ ധാൎമ്മിക പരിവൎത്തനത്തിൻെറ പ്രഭാകിരണങ്ങൾ നാലരസഹസ്രം സംവത്സരങ്ങളും അതിജീവിച്ച് ഇന്നും സമസ്തദേശങ്ങളിലും ഉജ്ജ്വലിക്കുന്നുണ്ട്. സനാതനധൎമ്മത്തിന് അസ്തമന

മുണ്ടാകുമെങ്കിൽ അക്കാലംവരെയും ഭഗവത് ഗീതയും നില നില്ക്കുമെന്നതിൽ സന്ദേഹമില്ല. ഗീതയുടെ മാഹാത്മ്യം അത്ര വർണ്ണനീയമാണ്. ലോകമാന്യഗംഗാധരതിലകൻെറ ജ്ഞാനോത്തരമായ കർമ്മവാദവും, ജഗദ്ഗുരു ശങ്കരാചാര്യരുടെ സർവ്വോൽകൃഷ്ടമായ കർമ്മസന്യാസവും, അദ്വൈതവാദവും അതുപോലെ ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം ആദിയായ സർവ്വമതങ്ങളുടേയും ആധാരവും ശ്രീകൃഷ്ണൻെറ ധർമ്മോപദേശങ്ങളത്രെ.

സ്ത്രീകൾക്കും വൈശ്യശൂദ്രാദികൾക്കും മോക്ഷത്തിന്നധികാരമുണ്ടെന്ന് സമർത്ഥിക്കയും എല്ലാവർക്കുമായി ഭക്തിമാർഗ്ഗത്തിൻെറ കവാടം തുറക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ലോകത്തിൽ ഒന്നും പുതിയതായിട്ടില്ല. എന്നാൽ ഭക്തിമാർഗ്ഗദർശിയായ ശ്രീകൃഷ്ണൻ മാത്രമുണ്ട്. ഇന്ന് ഭക്തിമാർഗ്ഗത്തെ മറേറതുമാർഗ്ഗത്തേക്കാളും കൂടുതലായി ഇന്നു ലോകം അവലംബിക്കുകയും ചെയ്യുന്നു. ഈ മാർഗ്ഗം എല്ലാവർക്കും സുഗമവുമാകുന്നു. ഇതു് ഗീതയ്ക്കുള്ള ഒരു വിശേഷമാണ്.

എപ്പോഴും ഈശ്വരഭജനം ചെയ്തുകൊണ്ടിരുന്നുകൊള്ളണമെന്നോ, ഒരിക്കലും ഈശ്വരനിൽ വിശ്വസിച്ചുകൂടെന്നോ ലൌകിക ജീവിതത്തിലേർപ്പെട്ടിരിക്കുന്നവരോട് ഗീത ഉപദേശിക്കുന്നില്ല. മോക്ഷം കിട്ടണമെങ്കിൽ ലോകത്തെ ത്യജിച്ച് കണ്ണുമടച്ച് കാട്ടിൽപോയിരുന്നു തപസ്സു ചെയ്തുകൊള്ളുവാനും ഗീത ഉപദേശിക്കുന്നില്ല. കർമ്മങ്ങൾ ത്യജിക്കുന്നതുകൊണ്ട് മുക്തിലഭിക്കുന്നില്ല. പ്രത്യേകിച്ചും കർമ്മംചെയ്യേണ്ടതായിത്തന്നെ വരുമെന്നു ഗീത ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. കർമ്മം ചെയ്യാന

ല്ലാതെ അതിൻെറ ഫലത്തെപ്പററി ക്ലേശിക്കാതിരിക്കണ മെന്നും ഗീത അനുശാസിക്കുന്നു. നിവൃത്തിപരായണന്മാരെക്കൊണ്ടു് ഇപ്രകാരം കർമ്മമാർഗ്ഗത്തിൽ പ്രവർത്തിപ്പിച്ച് രാജ്യരക്ഷയ്ക്കുള്ള വ്യവസ്ഥയുണ്ടാക്കി ഫലാശവെടിഞ്ഞിട്ട് ആർക്ക് എന്തുപ്രവർത്തിചെയ്യാൻ സാധിക്കും എന്നുള്ള ശങ്കയ്ക്കു് ശ്രീകൃഷ്ണൻ പൂർണ്ണസമാധാനം നൽകിയിട്ടുണ്ടു്. ഫലാശവിട്ടിട്ടു പ്രവർത്തിചെയ്യുക, ഫലം നിങ്ങളുടെ കയ്യിലല്ല. പ്രവർത്തിനിങ്ങൾ തനിച്ചല്ലല്ലോ ചെയ്യുന്നതു്. അധിഷ്ഠാനം, കർത്താവു്, കരണം, പ്രകൃതിയുടെ വിവിധ ചേഷ്ടകൾ, ഈശ്വരൻ ഇങ്ങനെ പലതിൻെറയുംകൂടിയുള്ള സംയോഗത്താലാണു് കർമ്മം നടക്കുന്നതു്. ഇതിൻെറയെല്ലാം കാര്യവിചാരംചെയ്യുന്ന ഈശ്വരൻതന്നെയാണു് കർമ്മങ്ങളിൽ ഏർപ്പെടുത്തുന്നതു്. അതിനാൽ ആ പരാശക്തിയുടെ ആജ്ഞയ്ക്കു് കീഴ്പ്പെട്ടു പ്രവർത്തിക്കേണ്ടതു്മാത്രമാണു് നിങ്ങളുടെ ധർമ്മം. അതിനാൽ സകല ഫലങ്ങളും ഈശ്വരനിൽ സമർപ്പിക്കുക. ഇതേപ്രകാരം ഈശ്വരാർപ്പണബുദ്ധിയാൽ ഭക്തിപൂർവ്വകമായ കർമ്മയോഗത്തെ അവലംബിക്കുക. ഇതാണല്ലോ ഗീതയുടെ സിദ്ധാന്തം. ഈ സിദ്ധാന്തം ശ്രീകൃഷ്ണൻ തൻെറ ഉപദേശങ്ങളും പ്രവർത്തികളുംമൂലം സ്ഥാപിച്ചിട്ടുള്ളതാണു്.

ഏതെങ്കിലും ശാസ്ത്രത്തെയോ മതത്തെയോ ദുഷിപ്പിക്കാനോ അധഃപതിപ്പിക്കാനോ ഉള്ള ബുദ്ധിഹീനത ഗീത പഠിക്കുന്നവർക്കുണ്ടാകയില്ല. പ്രത്യുത എല്ലാമതങ്ങളേയും സ്വായത്തമാക്കാനുള്ള കഴിവു് ഉപദേശിക്കയേ ചെയ്യുന്നുള്ളു. എല്ലാമതങ്ങളുടേയും പരമലക്ഷ്യം ഒന്നുതന്നെയാണു് എന്നുള്ള സത്യം ഗീതയിൽ വ്യക്തമാക്കിയിട്ടുണ്ടു്. ഇത്രത്തോളം ഉദാരവും നിർമ്മലവുമായ ഒരു ധാർമ്മികോപദേശം

മറേറതാണുള്ളത്? സകല മനുഷ്യരാശികളുടേയും ശാന്തി സൌഖ്യങ്ങൾക്കുവേണ്ടിത്തന്നെയാണ് ഭഗവാൻ ധർമ്മോപദേശം ചെയ്തിട്ടുള്ളത്. ലോകത്തിലെ എല്ലാ അദ്ധ്യാത്മസിദ്ധാന്തങ്ങളുടേയും ആകത്തുകയെടുത്തു ഗീതയുമായി തുലനം ചെയ്തുനോക്കിയാൽ എല്ലാത്തെയും ഉൾക്കൊണ്ടു് സർവ്വത്തിനും ഉപരിയായി നില്ക്കുന്ന മഹാധർമ്മസമുച്ചയമായി നില്ക്കുന്നതു് ഗീതയാണെന്നു കാണുവാൻ കഴിയും. ഗീതയിൽ കാണുവാൻ കഴിയാത്ത ഒരൊററ ധർമ്മതത്വം പോലും മററെവിടെയും കണ്ടെത്തുകയില്ല. അത്ര സുലഭവും സ്വാതന്ത്ര്യവും ശ്രേഷ്ഠവുമായ സിദ്ധാന്തങ്ങളാണ് ഭഗവാൻ ഗീതയിൽ സമർത്ഥിച്ചിട്ടുള്ളതു്.

ഇപ്രകാരം ശ്രീകൃഷ്ണഭഗവാൻ തൻെറ ജീവിതം കൊണ്ടു് ധർമ്മരാജ്യം സ്ഥാപിക്കയും ഒരു നവീനയുഗം സൃഷ്ടിക്കുകയും ചെയ്തു. ഭഗവാൻെറ ഈ ലീല കലിയുഗാരംഭത്തിലാണ് നടന്നതു്. കലികാലത്തിലുണ്ടാകുന്ന ദുരാചാരങ്ങൾ മുൻകൂട്ടി കണ്ടിട്ടെന്നപോലെ, ധർമ്മം നശിച്ചു് അധർമ്മം മുഴുക്കുമെന്നും അപ്പോൾ ധർമ്മത്തിൻെറ രക്ഷയ്ക്കായി വീണ്ടും അവതരിച്ചു് ധർമ്മരക്ഷ ചെയ്യുമെന്നും ഭഗവാൻ അരുളിയിട്ടുണ്ടു്. വിശ്വാത്മാവായ ഭഗവാൻ ശ്രീകൃഷ്ണൻെറ കാലത്തെ ഭാരതവും, പിന്നീട്ട് ഇന്നുവരെയും ഭാരതം കണ്ട അത്ഭുതകരമായ ചരിത്രവും ഇന്നത്തെ ഭാരതത്തിൽ നടക്കുന്ന വസ്തുതകളും നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്.

---

PRINTED AT THE VISWABHARATHI PRESS, TRICHUR.

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No. C 200 Acc No. 6932

This book should be returned on or before the date last stamped below.

19 JAN 1997

C 200 6932

C 200

പി. കെ. വി.
കള്ളൻ

ശ്രീകൃഷ്ണ ഭാരതം

6932